بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 6

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 7/ഹി:ശം:1398 തബ്‌ലീഗ് 7/ഹി:ഖ:1440 ജമാദുൽ ആഖിർ 24


## അല്ലാഹുവിന്റെ വചനം

تُوۡلِجُ الَّیۡلَ فِی النَّہَارِ وَتُوۡلِجُ النَّہَارَ فِی الَّیۡلِ ۫ وَتُخۡرِجُ الۡحَیَّ مِنَ الۡمَیِّتِ وَتُخۡرِجُ الۡمَیِّتَ مِنَ الۡحَیِّ ۫ وَتَرۡزُقُ مَنۡ تَشَآءُ بِغَیۡرِ حِسَابٍ ○ (آل عمران:28)

നീ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. നിർജീവമായതിൽനിന്ന് ജീവനുള്ളവയേയും ജീവനുള്ളതിൽനിന്ന് നിർജീവമായതിനേയും ഉൽഭവിപ്പിക്കുന്നുവിഭവങ്ങൾ. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ (വിഭവങ്ങൾ) നല്കുന്നു.’

(3:28)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ശരീരേച്ഛ ദീർഘായുസ് വാഗ്ദാനം ചെയ്യും. ഇതു വഞ്ചനയാണ്. പ്രായത്തെ വിശ്വസിക്കാൻ പറ്റില്ല.**
**എത്രയും വേഗം ഭക്തിമാർഗത്തിലേക്കും ആരാധനയിലേക്കും കുനിയേണ്ടതാണ്.**
**രാവിലെ മുതൽ വൈകുന്നേരംവരെ കണക്കെടുക്കേണ്ടതാണ്.**
തഹജ്ജുദിന് പ്രത്യേകം എഴുന്നേല്ക്കുക. താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി അനുഷ്ഠിക്കുക.
ഇടയ്ക്കുള്ള നമസ്കാരങ്ങളിൽ ജോലിത്തിരക്ക് കാരണത്താൽ പരീക്ഷണം വന്നുഭവിക്കുന്നു.
ഭക്തിമാർഗത്തിനുവേണ്ടി ബുദ്ധിമുട്ടും നഷ്ടവും സഹിക്കുന്നവർ ജനങ്ങളുടെ ദൃഷ്ടികളിലും
പ്രിയപ്പെട്ടവരാകാറുണ്ട്. നബിമാരുടേയും സിദ്ദീഖുമാരുടേയും ജോലിയാണിത്.

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## സാമ്പ്രദായിക ബയ്അത്ത് ഫലം ചെയ്യില്ല.

“സാമ്പ്രദായികമായി ചെയ്യുന്ന ബയ്അത്ത് ഫലമൊന്നും ചെയ്യുകയില്ല. അത്തരം ബയ്അത്തുകൊണ്ട് ഭാഗഭാക്കാകുക എന്നത് ബുദ്ധിമുട്ടാണ്. ഭാഗഭാക്കാകുന്നത് സ്വന്തം അസ്തിത്വത്തെ ഉപേക്ഷിച്ച് തികഞ്ഞ സ്നേഹത്തോടും ആത്മാർഥതയോടും അതിനോടൊപ്പം ചേരുമ്പോഴാണ്. കപടവിശ്വാസികൾ നബി(സ) തിരുമേനിയോടു സത്യസന്ധമായ ബന്ധം പുലർത്താത്ത കാരണത്താൽ അവസാനം വിശ്വാസമില്ലാത്തവരായിത്തീർന്നു. അവരിൽ സത്യസന്ധമായ സ്നേഹവും ആത്മാർഥതയും ഉണ്ടായില്ല. അതുകൊണ്ട് ബാഹ്യമായ നിലയിലുള്ള ലാഇലാഹ ഇല്ലല്ലാഹ് അവർക്ക് പ്രയോജനപ്പെടില്ല. അതുകൊണ്ട് ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ടത് വലിയ അത്യാവശ്യമായ കാര്യമാണ്. ബന്ധങ്ങളെ അവൻ(ശിഷ്യൻ) ശക്തിപ്പെടുത്തുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവന്റെ പരാതിയും ഖേദവും നിഷ്ഫലമാണ്. സ്നേഹത്തിന്റേയും ആത്മാർഥതയുടേയും ബന്ധം വർധിപ്പിക്കേണ്ടതാണ്. സാധിക്കുന്നിടത്തോളം ജീവിതരീതികളിലും വിശ്വാസാദർശങ്ങളിലും ആ ഗുരുവിന്റെ വർണം സ്വാംശീകരിക്കേണ്ടതാണ്. ശരീരേച്ഛ ദീർഘായുസ് വാഗ്ദാനം ചെയ്യും. ഇതു വഞ്ചനയാണ്. പ്രായത്തെ വിശ്വസിക്കാൻ പറ്റില്ല. എത്രയും വേഗം ഭക്തിമാർഗത്തിലേക്കും ആരാധനയിലേക്കും കുനിയേണ്ടതാണ്. രാവിലെ മുതൽ വൈകുന്നേരം വരെ കണക്കെടുക്കേണ്ടതാണ്.

## തഹജ്ജുദ് നമസ്കരിക്കാൻ കർശന നിർദ്ദേശം

ഈ ജീവിതത്തിന്റെ എല്ലാ ശ്വാസങ്ങളും ഭൗതിക ജോലികളിൽ കഴിച്ചുകൂട്ടുകയാണെങ്കിൽ, പിന്നെ പരലോകത്തേക്ക് എന്തു സമ്പാദ്യമാണുള്ളത്? തഹജ്ജുദിന് പ്രത്യേകം എഴുന്നേല്ക്കുക. താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി അനുഷ്ഠിക്കുക. ഇടയ്ക്കുള്ള നമസ്കാരങ്ങളിൽ ജോലിത്തിരക്ക് കാരണത്താൽ പരീക്ഷണം വന്നുഭവിക്കുന്നു. ജീവിതവിഭവം നല്കുന്നവൻ അല്ലാഹുവാണ്. നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കേണ്ടതാണ്. ളുഹ്റും അസ്റും ഇടയ്ക്കിടെ ജംആക്കാം. ദുർബലരായവരുണ്ടെന്ന് അല്ലാഹുവിന്നറിയാം. അതുകൊണ്ടാണ് ഈ ഇളവ് വെച്ചിട്ടുള്ളത്. എന്നാൽ, മൂന്നെണ്ണം ജംആക്കാനുള്ള ഇളവില്ല.

## അല്ലാഹുവിനുവേണ്ടി ബുദ്ധിമുട്ട് സഹിക്കുക.

തൊഴിലിലും മറ്റു പല കാര്യങ്ങളിലും ആളുകൾ ശിക്ഷ വാങ്ങാറുണ്ട്. (ഭരണാധികാരികളുടെ ദ്വേഷത്തിന് പാത്രമാകാറുണ്ട്) അതിനാൽ അല്ലാഹുവിനുവേണ്ടി കഷ്ടപ്പാടുകൾ വഹിക്കുകയാണെങ്കിൽ അതെത്ര നല്ലതാണ്. ഭക്തിമാർഗത്തിനുവേണ്ടി ബുദ്ധിമുട്ടും നഷ്ടവും സഹിക്കുന്നവർ ജനങ്ങളുടെ ദൃഷ്ടികളിലും പ്രിയപ്പെട്ടവരാകാറുണ്ട്. നബിമാരുടേയും സിദ്ദീഖുമാരുടേയും ജോലിയാണിത്.

ആരാണോ അല്ലാഹുവിനുവേണ്ടി ഭൗതികനഷ്ടം സഹിക്കുന്നത് അല്ലാഹു ഒന്നും ബാക്കിവെക്കാതെ മുഴുവൻ പ്രതിഫലവും അവനു നല്കുന്നു.

## മനുഷ്യൻ കപടപരമായ രീതി അവലംബിക്കരുത്

(മനുഷ്യന് നിർബന്ധമാണ്) കപടപരമായ രീതി ഉൾക്കൊള്ളരുത്. ഉദാഹരണത്തിന് ഒരു ഹിന്ദു (അയാൾ ഭരണാധികാരിയോ ഉദ്യോഗസ്ഥനോ ആവട്ടെ) രാമനും റഹീമും ഒന്നാണെന്ന് പറയുകയാണെങ്കിൽ അത്തരം അവസരത്തിൽ അതേ, അതേ എന്നു പറഞ്ഞ് ഒപ്പം കൂടരുത്. അല്ലാഹു മാന്യതയോടെ പെരുമാറുന്നത് വിലക്കുന്നില്ല; സംസ്കാരപരമായി മറുപടി നല്കുക. യുക്തി എന്നതിന്റെ അർഥം അനാവശ്യമായി ആവേശമുണ്ടാക്കുകയും നിരർഥമായി വഴക്കുണ്ടാക്കുകയും ചെയ്യുന്നവിധം സംസാരിക്കുക എന്നല്ല. സത്യം ഒരിക്കലും മറച്ചുവെക്കരുത്. എല്ലാത്തിനോടും അതേ, അതേ എന്നു പറഞ്ഞ് ഒപ്പം കൂടിയാൽ അവസാനം മനുഷ്യൻ കാഫിറായിത്തീരും.

അല്ലാഹുവിനെ പരിഗണിക്കുകയും ലജ്ജ ഉൾക്കൊള്ളുകയും വേണ്ടതാണ്. നമ്മുടെ ദീനിൽ ഒരു കാര്യവും സംസ്കാര വിരുദ്ധമായിട്ടില്ല.

## ഇസ്‌ലാം ഉപദ്രവിക്കപ്പെട്ട മതമാണ്.

ഇസ്‌ലാം എപ്പോഴും ഉപദ്രവം ഏറ്റുവാങ്ങിക്കൊണ്ടു വന്നതാണ്. രണ്ട് സഹോദരന്മാർ തമ്മിൽ വഴക്കുണ്ടാകുമ്പോൾ മൂത്തവൻ തന്റെ വലുപ്പത്തവും ആദ്യം ജനിച്ചുവെന്ന കാരണവുംകൊണ്ട് തന്റെ ഇളയ സഹോദരന്റെമേൽ അനാവശ്യമായി അക്രമം ചെയ്യുന്നു. കാരണം താൻ ആദ്യം പിറന്നതുകൊണ്ട് തനിക്ക് കൂടുതൽ അവകാശമുണ്ടെന്ന് അവൻ ധരിക്കുന്നു. വാസ്തവത്തിൽ അവകാശം രണ്ടുപേർക്കും സമമാണ്. ഇത്തരത്തിലുള്ള ദ്രോഹമാണ് ഇസ്‌ലാമിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാ മതങ്ങളുടേയും അവസാനമാണ് ഇസ്‌ലാം വന്നത്. ഇസ്‌ലാം എല്ലാ മതങ്ങളുടേയും തെറ്റുകൾ അവരോടു പറഞ്ഞു. അജ്ഞൻ ക്ഷേമകാംക്ഷിയുടെ ശത്രുവായിത്തീരുന്നുവെന്നത് ഒരു സമ്പ്രദായമാണ്. ഇപ്രകാരം ആ എല്ലാ മതങ്ങളും അതിനെ വെറുത്തു. കാരണം അവരുടെ മനസ്സുകളിൽ അവരുടേതായ ശ്രേഷ്ഠത കുടികൊണ്ടിരുന്നു. മനുഷ്യൻ ജനതയുടെ ആധിക്യംകൊണ്ടും കുലീനതകൊണ്ടും സമ്പന്നതകൊണ്ടും അഹങ്കാരിയായിത്തീരുന്നു. നബി(സ) തിരുമേനി ചെറിയതും പുതിയതുമായ ഒരു സംഘക്കാരനായ പാവം മനുഷ്യനായിരുന്നു. അതുകൊണ്ട് (തുടക്കത്തിൽ) എതിരാളികൾ

( ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## 124-ാമത് ഖാദിയാൻ ജൽസ സാലാനയുടെ (ആരംഭം മുതൽ 127-ാമത്) റിപ്പോർട്ട്

# അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 124-ാമത് ജൽസസാലാന (വാർഷിക സമ്മേളനം) വിജയകരമായി സമാപിച്ചു.

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തോളം ആർക്കും എത്താൻ സാധ്യമല്ല. അത് അദ്ദേഹത്തിന്റെ ഓരോരോ വാക്കും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ ലീനമാണെന്നുള്ളതിന് തെളിവാണ്.**

**ഈ അവസാന ദിനങ്ങളിലും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലി നിറയ്ക്കുകയും സ്വലാത്തും സലാമുംകൊണ്ട് പുതിയ വർഷത്തെ വരവേൽക്കുകയും ചെയ്യുക; നബി(സ)തിരുമേനിയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ നമ്മൾ എത്രയും വേഗം കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുവേണ്ടി!**

**മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസിന്റെ വിജ്ഞാനനിർഭരമായ സമാപന പ്രഭാഷണം.**

**☆ ഞാൻ ഈ നാട്ടിൽ അതായത് ഖാദിയാനിൽ അല്ലാഹുവിനെ കണ്ടു. ഇസ്ലാമിന്റെ എല്ലാ പ്രവചനങ്ങളും നബി(സ)തിരുമേനിയുടെ സേവകന്റെ കൈയിൽ പൂർത്തിയായിരിക്കുന്നതും കണ്ടു. ലോകത്ത് ധാരാളം മഹ്ദി വാദക്കാർ വന്നു. അവർ തങ്ങളുടെ പ്രബോധനം ലോകത്ത് പരക്കുമെന്ന് പ്രവചനങ്ങൾ ചെയ്തു. പക്ഷേ, ഒരാളുടെ പ്രവചനങ്ങളല്ലാതെ മറ്റാരുടേതും പുലർന്നില്ല. ഈ വ്യക്തിയാണ് ബിഹിശ്തി മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നത്. ഇദ്ദേഹത്തിന്റെ സ്മാരകശിലയിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. 'മസാരെ മുബാറക് ഹദ്റത്ത് അഖ്ദസ് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ ഇമാം മഹ്ദി.'**

**☆ ഞാൻ അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കുകയും അഹ്മദീ മുസ്ലിംകളുമായി കൂടിക്കാണുകയും ചെയ്തതിന്റെ ഫലമായി അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാമെന്നും മറ്റു മുസ്ലിംകളെ അപേക്ഷിച്ച് അഹ്മദികൾ കൂടുതൽ സത്യസന്ധരും നല്ല മുസ്ലിം കളുമാണെന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. എത്ര നൂറ്റാണ്ടുകൾ ഇനി കടന്നുപോകുമെന്ന് എനിക്കറിയില്ല. പക്ഷേ, ലോകത്ത് ഉയരുന്ന ഏറ്റവും ഉന്നതമായ മുദ്രാവാക്യം ഖാദിയാനിലെ പരിശുദ്ധമണ്ണിൽനിന്നായിരിക്കുമെന്ന് എനിക്കറിയാം. ഇൻശാഅല്ലാഹ്.**

## ഖാദിയാൻ ജൽസസാലാനയിൽ പങ്കെടുത്ത നവഅഹ്മദികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായപ്രകടനങ്ങൾ

**☆ ജമാഅത്ത് ലോകം മുഴുവൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്നേഹം സ്തുത്യർഹമാണ്. ലോകം മുഴുവൻ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിന് ഞാൻ ഹുദൂർ അൻവറിന് നന്ദി പറയുന്നു. നിങ്ങളുടെ ജമാഅത്തിന്റെ ഖലീഫ ലോകം മുഴുവൻ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനം നല്കിക്കൊണ്ടിരിക്കുന്നു. മുഴുവൻ ലോകത്തേയും നാശത്തിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.**

**☆ മുസ്ലിം സമാജം എപ്പോഴും സിക്കുമതവിശ്വാസികളോടു സഹതാപത്തോടെ വർത്തിച്ചിട്ടുണ്ട്. മുസ്ലിം സമാജം എല്ലാ ദുർഘടസന്ധിയിലും ഞങ്ങളോടൊപ്പം നിന്നു. ഈ രണ്ടു മതത്തിന്റേയും പ്രത്യേകത ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നുവെന്നതാണ്.**

**☆മനുഷ്യത്വത്തിന്റെ മുദ്രാവാക്യം മുഴക്കപ്പെടുന്ന സമ്മേളനങ്ങൾ വളരെ വിരളമാണ്. മനുഷ്യകുലത്തിനു സേവനം ചെയ്യുക എന്നത് മഹത്തായ പ്രവൃത്തിയാണ്; അതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.**

## മനോഹരമായ നിലയിൽ ഇന്ന് ജമാഅത്ത് നല്കിക്കൊണ്ടിരിക്കുന്ന സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശം സ്തുത്യർഹമാണ്.

**•48 രാജ്യങ്ങളിൽനിന്ന് പ്രാതിനിധ്യം, 18,864 അഹ്മദികൾ ജൽസയിൽ പങ്കെടുത്തു. •ഹുദൂറിന്റെ സമാപാന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5345 പേർ പങ്കെടുത്തു •തഹജ്ജുദ് നമസ്കാരം •ദർസുൽഖുർആനും ദൈവസ്മരണകളുംകൊണ്ട് നിറഞ്ഞ അന്തരീക്ഷം •ആദരണീയ ആലിംകളുടെ വിജ്ഞാനഭരിതമായ പ്രഭാഷണങ്ങൾ •സർമത സമ്മേളനം •അതിഥികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായ പ്രകടനങ്ങൾ •ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ •ജമാഅത്തംഗങ്ങളുടെ ജ്ഞാനങ്ങൾ വർധിപ്പിക്കുന്നതിന് ശിക്ഷണപരമായ കാര്യങ്ങൾ തുടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും •34 നിക്കാഹിന്റെ വിളംബരം •പ്രിന്റ് ആന്റ് ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ് •സമാധാനപരവും മനോഹരവുമായ അന്തരീക്ഷത്തിൽ ജൽസയുടെ എല്ലാ പരിപാടികളും സമാപിച്ചു •ഡിസംബർ 19 മുതൽ 21 വരെ അറബി പരിപാടിയായ ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ് എന്നതിന്റെ ഖാദിയാനിൽനിന്നുള്ള എം.ടി.എ. ഇന്റർനാഷണലിന്റെ തൽസമയ സംപ്രേഷണം •ജനുവരി 3 മുതൽ 5 വരെ ദി മസീഹ് ഓഫ് ദി എയ്ജ് എന്ന ശീർഷകത്തിൽ ആഫ്രിക്കക്കാർക്കുവേണ്ടി തൽസമയ സംപ്രേഷണങ്ങൾ.**

**റിപ്പോർട്ട്: മൻസ്വൂർ അഹ്മദ് മസ്റൂർ (മുൻതളിം റിപ്പോർട്ടിംഗ്)**

അൽഹംദുലില്ലാഹ് ഖാദിയാനിലെ 'ബുസ്താനെ അഹ്മദി'ന്റെ വിശാലമായ അങ്കണത്തിൽ 2018 ഡിസംബർ 28, 29, 30 തിയതികളിൽ (വെള്ളി, ശനി, ഞായർ) ജൽസാസാലാന ഖാദിയാൻ സംഘടിപ്പിച്ചു. വിജയകരമായി സമാപനം കുറിക്കുകയും ചെയ്തു. 48 രാജ്യങ്ങളിൽനിന്ന് 18864 പ്രതിനിധികൾ ഈ ജൽസയിൽ പങ്കെടുത്തു. ജൽസയുടെ തയ്യാറെടുപ്പുകൾ വളരെ മുമ്പേ തുടങ്ങിക്കഴിഞ്ഞിരുന്നു. എങ്കിലും ഡിസംബർ മാസം ആരംഭിച്ചതോടെ അതിന് തീവ്രതയും ഉന്മേഷവും കൂടി. വീടുകളിലേയും മഹല്ലുകളിലേയും ഇടവഴികളിലേയും ശുചിത്വം ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നു. കൂട്ടം ചേർന്നുള്ള ശ്രമദാനത്തിലൂടെ എല്ലാ സ്ഥലങ്ങളും വൃത്തിയാക്കുന്നു. ജൽസയ്ക്ക് കുറച്ചു ദിവസം മുമ്പേതന്നെ ദീപാലങ്കാരങ്ങളാൽ ഖാദിയാനെ പ്രകാശമാനമാക്കിത്തീർത്തു. ബിഹിശ്തി മഖ്ബറ, ദാറുൽമസീഹ്, മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സാ, മിനാരത്തുൽ മസീഹ് തുടങ്ങിയവയെല്ലാം ദീപങ്ങളാൽ അലങ്കരിക്കുന്നു. ജൽസയുടെ ദിനങ്ങൾ അടുത്തുവരുന്തോറും ഖാദിയാൻ ദാറുൽ അമാന്റെ ശോഭ വർധിച്ചുവരുന്നു.

**പരിശോധന:**

2018 ഡിസംബർ 24ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് 'ബുസ്താനെ അഹ്മദ്' ജൽസാഗാഹിൽ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ പ്രതിനിധി സ്വദ്ർ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ ആദരണീയരായ ജലാലുദ്ദീൻ നയ്യർ സാഹിബിന്റെ അധ്യക്ഷതയിൽ പ്രവർത്തകരുടെ പരിശോധനാ പരിപാടി നടന്നു. ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. ജാമിഅ അഹ്മദിയ്യാ വിദ്യാർഥി അസീസ് ഗുലിസ്താൻ അഹ്മദ് ബഖറ അധ്യായത്തിന്റെ അവസാന മൂന്നു വചനങ്ങൾ പാരായണം ചെയ്ത് തർജമ കേൾപ്പിച്ചു. അതിനുശേഷം ഹുദൂറിന്റെ പ്രതിനിധി പ്രസംഗിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യുക

( ശേഷം പേജ് 10ൽ)

# ഖുത്ബ ജുമുഅ

## സാമ്പത്തികത്യാഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന്റെ ഒരു പ്രത്യേകതയാണ്.

നവവർഷത്തിന്റെ യഥാർഥ ആശംസ എന്നുപറയുന്നത് അല്ലാഹു നമുക്ക് മറ്റൊരു വർഷത്തെ സൂര്യനെക്കൂടി കാണാനും അതിൽ പ്രവേശിക്കാനും സൗഭാഗ്യം നല്കിയിരിക്കുന്നു എന്നതാണ്. അതിൽ നാം നമ്മുടെ ഉള്ളിലെ ബലഹീനതകളും അന്ധകാരവും ദൂരീകരിക്കാൻ ശ്രമിക്കുമെന്നും കഴിഞ്ഞ വർഷം ഉണ്ടായ ബലഹീനതകളും അലസതകളും അകറ്റുമെന്നും അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബയ്അത്ത് പ്രതിജ്ഞയിൽ പറഞ്ഞ ആ പരിശുദ്ധ മാറ്റം നമ്മുടെ ഉള്ളിൽ മുമ്പത്തെക്കാളുപരി ഉണ്ടാക്കാൻ ശ്രമിക്കുന്നതായിരിക്കുമെന്നുംപ്രതിജ്ഞ ചെയ്യുക.

നവവർഷത്തിന്റെ ആദ്യരാത്രിയിൽ തഹജ്ജുദും ജമാഅത്തോടുകൂടി സുബ്ഹി നമസ്കരിച്ചതും വർഷം മുഴുവൻ വലയം ചെയ്യുന്നതാകുകയില്ല. കഴിയുന്നത്ര വർഷം മുഴുവൻ ആ ശ്രമം ചെയ്യുന്നതാണ് യഥാർഥ നന്മ.

**ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടെ കല്പനകളുടേയും നിർദേശങ്ങളുടേയും വെളിച്ചത്തിൽ ധനത്യാഗത്തിന്റെ പ്രത്യേകഗ്രാഹ്യം നമുക്കു നല്കിയിരിക്കുന്നു.**

ധനത്യാഗം നമുക്ക് നേട്ടങ്ങൾ നല്കുന്നതിനുവേണ്ടിയാണ്.

എതിരാളികൾ ജമാഅത്തിനെ ഉന്മൂലനം ചെയ്യാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഈ എതിർപ്പ് കുറച്ച് അഹ്മദികളുടെ ഈമാനെ മുമ്പേയുള്ളതിനെക്കാൾ പലഇരട്ടി വർധിപ്പിച്ചിരിക്കുന്നു.

നമ്മുടെ ജോലി സ്വന്തം പരിഷ്കരണം നടത്തുകയും അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും ഏറ്റവും കൂടുതൽ പ്രബോധനത്തിലേക്കും ത്യാഗങ്ങളിലേക്കും ശ്രദ്ധിക്കുകയും ഇസ്ലാമിന്റെ യാഥാർഥ്യം ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ്.

അല്ലാഹു എല്ലാ രാജ്യങ്ങളിൽനിന്നും പങ്കെടുത്ത എല്ലാവരുടേയും ധനത്തിലും ആയുസിലും ബർക്കത്ത് ചൊരിയുമാറാകട്ടെ. ഭാവിയിലും ഉത്തമമായ ത്യാഗങ്ങൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

ആഗോളപരമായ നിലയിൽ ജമാഅത്തുകളുടെ പൊസിഷന്റെ അടിസ്ഥാനത്തിൽ പാക്കിസ്താൻ ഒന്നാം സ്ഥനത്താണ്. അതിനുശേഷം ബ്രിട്ടൻ, ജർമനി, അമേരിക്ക. ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ അമേരിക്ക. ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ഘാനയാണ് ഒന്നാം സ്ഥാനത്ത്. ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ വഖ്ഫെ ജദീദ് പദ്ധതിയിൽ പങ്കെടുത്തവരിൽ വർധനയുടെ അടിസ്ഥാനത്തിൽ മാതൃകാപരമായ പ്രവർത്തനം, വിവിധ വശങ്ങളിലൂടെ പാക്കിസ്താൻ, ബ്രിട്ടൺ, ജർമനി, അമേരിക്ക, കനഡ, ഇന്ത്യാ, ആസ്ത്രേലിയ എന്നീ രാജ്യങ്ങളിലെ മാതൃകാപരമായ ത്യാഗങ്ങൾ ചെയ്ത ജമാഅത്തുകളുടെ വിലയിരുത്തലുകൾ.

**വഖ്ഫെ ജദീദിന്റെ 61-ാം വർഷത്തിന്റെ അനുഗൃഹീത സമാപനത്തിന്റേയും പുതുവർഷ പ്രഖ്യാപനത്തിന്റേയും അവസരത്തിൽ ദീനിനെ ദുൻയാവിനെക്കൾ മുന്തിക്കുമെന്ന പ്രതിജ്ഞ നിറവേറ്റിയ ലോകത്തിലെ വിവിധ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന അഹ്മദിയ്യാ ജമാഅത്തിലെ ആത്മാർഥരായവരുടെ ധനത്യാഗത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളും നവവർഷത്തിന്റെ യഥാർഥമായ ആശംസകളുടെ തത്ത്വവും**

**ഈദു ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2018 ജനുവരി 04/1398 സ്വുൽഹ് 04**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ- الرَّحۡمٰنِ الرَّحِیۡمِ- مٰلِکِ یَوۡمِ الدِّیۡنِ- اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ-

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ- صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ-

ഇന്ന് 2019 ലെ ആദ്യത്തെ ജുമുഅ ദിവസമാണ്. ഇത് മുൻനിറുത്തി ഞാൻ എല്ലാ രാജ്യത്തേയും അഹ്മദികൾക്ക് ആദ്യം നവവർഷാശംസകൾ നേരുകയാണ്. അല്ലാഹു ഈ വർഷം നമുക്ക് അനുഗ്രഹപൂർണമാക്കട്ടെ. എണ്ണമറ്റ വിജയങ്ങൾ കൊണ്ടുവരുന്നതാക്കിത്തീർക്കട്ടെ. എന്നാൽ, ഈ സാമ്പ്രദായിക ആശംസകൾകൊണ്ടു മാത്രം പ്രയോജനമുണ്ടാകില്ലെന്ന കാര്യം നമ്മൾ ഓർക്കേണ്ടതാണ്. അതുപോലെ ഈ സാമ്പ്രദായിക ആശംസകൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുതകുന്നതും ആവില്ല. നവവർഷത്തിന്റെ യഥാർഥ ആശംസ എന്നുപറയുന്നത് അല്ലാഹു നമുക്ക് മറ്റൊരു വർഷത്തെ സൂര്യനെക്കൂടി കാണാനും അതിൽ പ്രവേശിക്കാനും സൗഭാഗ്യം നല്കിയിരിക്കുന്നു എന്നതാണ്. അതിൽ നാം നമ്മുടെ ഉള്ളിലെ ബലഹീനതകളും അന്ധകാരവും ദൂരീകരിക്കാൻ ശ്രമിക്കുമെന്നും കഴിഞ്ഞ വർഷം ഉണ്ടായ ബലഹീനതകളും അലസതകളും അകറ്റുമെന്നും അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബയ്അത്ത് പ്രതിജ്ഞയിൽ പറഞ്ഞ ആ പരിശുദ്ധ മാറ്റം നമ്മുടെ ഉള്ളിൽ മുമ്പത്തെക്കാളുപരി ഉണ്ടാക്കാൻ ശ്രമിക്കുന്നതായിരിക്കുമെന്നും പ്രതിജ്ഞ ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ ഒരു അഹ്മദി എപ്രകാരമായിരിക്കണമെന്ന് വിശദീകരിച്ചുകൊണ്ടു പറഞ്ഞു: 'മനുഷ്യൻ ബയ്അത്ത് ചെയ്ത് ഈ ജമാഅത്ത് സത്യമാണെന്ന് കരുതുന്നതുകൊണ്ടുമാത്രം അവന് അനുഗ്രഹമുണ്ടാകുമെന്ന് വിശ്വസിക്കരുത്.' അവിടന്ന് പറഞ്ഞു:'ഈ ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ നല്ലവനാകാനും മുത്തഖി അഥവാ ദൈവഭയമുള്ളവനാകാനും ശ്രമിക്കുക. തിന്മകളിൽനിന്നെല്ലാം രക്ഷപ്പെടുക. ദിനരാത്രങ്ങളിൽ അവനോട് കേണപേക്ഷിക്കുക..... നാവിനെ മൃദുലമാക്കി വെക്കുക. ഇസ്തിഗ്ഫാർ ശീലമാക്കിത്തീർക്കുക. നമസ്കാരങ്ങളിൽ ദുആകൾ ചെയ്യുക.' നമസ്കാരത്തിനോടുള്ള കടമ നിറവേറ്റപ്പെടുന്നവരാകുമ്പോഴാണ് നമസ്കാരങ്ങളിൽ ദുആകളും ഉണ്ടാകുന്നത്, അത് ഭംഗിയായി നിർവഹിക്കപ്പെടുന്നവരാകുന്നത്.' അവിടന്ന് പറഞ്ഞു: 'കേവല വിശ്വാസം മനുഷ്യന് പ്രയോജനപ്പെടുകയില്ല.'..... 'അല്ലാഹു വെറും വാക്കുകളിൽ സന്തോഷിക്കുന്നവനല്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തോടൊപ്പം സൽകർമങ്ങളും വെച്ചിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'എന്തൊന്നിലാണോ ഒരണുപോലും കുഴപ്പമില്ലാത്തത് അതിനെയാണ് സൽകർമം എന്ന് പറയുന്നത്.' (മൽഫൂദാത്ത് വാള്യം 4, പേജ് 274-275, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് നാം ഈ നിലവാരവും ഈ പ്രവർത്തനമാർഗവും അനുസരിച്ച് ഈ വർഷം പ്രവൃത്തിക്കുന്നവരായി മാറുകയും ഇക്കാര്യങ്ങൾ സ്വായത്തമാക്കുവാൻ നമ്മുടെ എല്ലാവിധ കഴിവുകളും വിനിയോഗിക്കുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും ഈ വർഷം, നമുക്ക് ആശംസകൾ നിറഞ്ഞതും ധാരാളം അനുഗ്രഹങ്ങൾ നല്കുന്നതുമായ വർഷമായി മാറുന്നതാണ്. എന്നാൽ, ഞാൻ പറഞ്ഞതുപോലെ അല്ലെങ്കിൽ,

നമ്മുടെ ഈ ആശംസാപ്രകടനം വെറും സാമ്പ്രദായികമായി അവശേഷിക്കുന്നതാണ്. പുതുവർഷത്തിന്റെ ആദ്യരാത്രിയിൽ തഹജ്ജുദും സുബ്ഹിയും ജമാഅത്തോടുകൂടി അനുഷ്ഠിച്ചതും വർഷം മുഴുവനുമുള്ള നന്മകൾ വലയം ചെയ്യുന്നതായിരിക്കില്ല. ഈ പരിശ്രമം വർഷം മുഴുവൻ കഴിവനുസരിച്ച് തുടർന്ന് കൊണ്ടിരിക്കുക എന്നതാണ് യഥാർഥ നന്മ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. യഥാർഥനിലയിൽ നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും ഈ വർഷം എണ്ണമറ്റ അനുഗ്രഹംകൊണ്ടു വരുന്നതായിരിക്കട്ടെ. ജമാഅത്തിന് അസാധാരണമാം വിധം പുരോഗതി ലഭിക്കുന്നത് നമ്മൾ കാണുന്നവരുമാകട്ടെ.

ഇതിനുശേഷം ഇനി ഞാൻ ഇന്നത്തെ രണ്ടാമത്തെ വിഷയത്തിലേയ്ക്ക് വരികയാണ്. ജനുവരി മാസത്തിലെ ഒന്നാമത്തെയോ രണ്ടാമത്തെയോ ഖുത്ബയിൽ സാധാരണ വഖ്ഫെ ജദീദിന്റെ പുതുവർഷ വിളംബരം നടത്താറുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന്റെ ഒരു പ്രത്യേകതയാണ്. ഇത് എന്തുകൊണ്ട് ഉണ്ടാവില്ല? കാരണം ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആന്റേയും നബി(സ)തിരുമേനിയുടേയും കല്പനകളുടേയും നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ ഈ ധനത്യാഗത്തിന്റെ പ്രത്യേകമായ ഗ്രാഹ്യം നമുക്ക് നല്കിയിരിക്കുന്നു. വിശുദ്ധ ഖുർആനിലെ വിവിധ സ്ഥലങ്ങളിൽ അല്ലാഹു, അവന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഇത് അല്ലാഹുവിന് നമ്മുടെ ധനത്തിന്റെ വല്ല ആവശ്യവുമുള്ളതു കൊണ്ടല്ല. മറിച്ച് നമുക്ക് പ്രയോജനം ലഭിക്കുന്നതിനു വേണ്ടിയാണ്. അതുപോലെ ജമാഅത്തിനും പ്രയോജനം എത്തുന്നതിന് വേണ്ടിയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *ഫത്തഖുല്ലാഹ മസ്‌ത്ത ത്വഅ്ത്തും വ വസ്മഊ വഅത്വീഊ വ അൻഫിഖു ഖയ്റൻല്ലി അൻഫുസിക്കും വമൻയ്യൂഖ ശുഹ്ഹ നഫ്സിഹീ ഫ ഉലാഇക്ക ഹുമുൽമുഫ്‌ലിഹൂൻ* അതുകൊണ്ട് നിങ്ങൾ കഴിവതും അല്ലാഹുവിനെ സൂക്ഷിക്കുക. ശ്രദ്ധിച്ചു കേൾക്കുകയും അനുസരിക്കുകയും ചെലവഴിക്കുകയും ചെയ്യുക. അതു നിങ്ങൾക്കു തന്നെ ഗുണകരമായിരിക്കും. തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്ന് രക്ഷപ്പെടുന്നവരാരോ അവർതന്നെയാണ് വിജയികൾ.(64:17) തുടർന്ന് അടുത്ത വചനത്തിൽ പറഞ്ഞു:*ഇൻ തുഖ്‌രിളുല്ലാഹ ഖർളൻ ഹസനൻ യ്യുളായിഫ്ഹു ലക്കും വ യഗ്ഫിറ്ലക്കും വല്ലാഹു ശക്കൂറുൻ ഹലീം* അതായത്, നിങ്ങൾ അല്ലാഹുവിന് നല്ലനിലയിൽ കടം കൊടുക്കുന്നതായാൽ അവൻ നിങ്ങൾക്ക് അത് ഇരട്ടിയായി മടക്കിത്തരും. അവൻ നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം വിലയിരുത്തുന്നവനും സഹനശീലനുമാകുന്നു.(64:18)

അതുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർക്ക് അല്ലാഹു വർധിപ്പിച്ചും പെരുപ്പിച്ചും നല്കുന്നതാണ്. ഈ ധനത്യാഗത്തിലൂടെ വ്യക്തിപരമായ നേട്ടങ്ങളുമുണ്ട്. അതുപോലെ ജമാത്തുപരമായ നേട്ടങ്ങളുമുണ്ട്. അത് അംഗങ്ങളുടെ പുരോഗതിക്കുള്ള മാർഗമായിത്തീരുന്നു. നബി(സ)തിരുമേനി പറയുന്നു: 'പിശുക്കിൽനിന്ന് രക്ഷപെടുക. ഈ പിശുക്കാണ് മുൻസമൂഹങ്ങളെ നശിപ്പിച്ചത്.'(സുനൻ അബൂദാവൂദ്, കിതാബുസ്സക്കാത്ത്, ബാബു ഫിശ്ശുഹ്ഹി, ഹദീഥ് 1698). അതുപോലെ മറ്റൊരവസരത്തിൽ അവിടന്ന് പറഞ്ഞു: 'അഗ്നിയിൽനിന്ന് രക്ഷപെടുക; പകുതി കാരക്ക ചെലവഴിക്കാനുള്ള കഴിവാണുള്ളതെങ്കിലും.' (സ്വഹീഹുൽബുഖാരി, കിതാബുസ്സക്കാത്ത്, ബാബു ഇത്തഖുന്നാര വലൗ ബിശഖിൻ തംറത്തിൻ..ഹദീഥ് 1417)

ഈ നിസാരമായ ചെലവഴിക്കലും അല്ലാഹുവിന്റെ മാർഗത്തിലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും നല്കുകയെന്നതും അഗ്നിയിൽനിന്ന് രക്ഷിക്കുന്നതാണ്. അതുകൊണ്ട് ഈ ധനത്യാഗം നമുക്ക് പ്രയോജനത്തിനുവേണ്ടിയുള്ളതാണ്. ഈ ധനത്യാഗത്തിന്റെ പ്രാധാന്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

'ധനത്തേയും അല്ലാഹുവിനേയും ഒരുപോലെ സ്നേഹിക്കുകയെന്നത് നിങ്ങൾക്ക് സാധ്യമല്ല. ഏതെങ്കിലും ഒന്നിനെ മാത്രമെ സ്നേഹിക്കാൻ സാധിക്കുകയുള്ളു. അതിനാൽ അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് ഭാഗ്യവാൻ. നിങ്ങളിൽനിന്നുള്ള ആരെങ്കിലും അല്ലാഹുവിനെ സ്നേഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നതായാൽ അവന്റെ ധനത്തിലും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹം നല്കപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം ധനം സ്വയമേവ വരുന്നതല്ല. പ്രത്യുത അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് വരുന്നത്. അതിനാൽ അല്ലാഹുവിനുവേണ്ടി തന്റെ ധനത്തിന്റെ ചില ഭാഗങ്ങൾ ഉപേക്ഷിക്കുന്നവൻ തീർച്ചയായും അത് പ്രാപിക്കുകതന്നെ ചെയ്യും. എന്നാൽ, ധനത്തെ സ്നേഹിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ചെയ്യേണ്ട സേവനം ചെയ്യാത്തവൻ തീർച്ചയായും ആ ധനം കളഞ്ഞുകുളിക്കുന്നതാണ്.' നഷ്ടപ്പെട്ടുപോകുന്നതാണ്. അവിടന്ന് പറഞ്ഞു: 'നിങ്ങളുടെ പരിശ്രമഫലമായിട്ടാണ് ധനം ഉണ്ടാകുന്നതെന്ന് വിചാരിക്കരുത്, മറിച്ച് അല്ലാഹുവിൽനിന്നാണ് അത് വരുന്നത്. നിങ്ങൾ ധനത്തിന്റെ വല്ല ഭാഗവും നല്കിയോ അല്ലെങ്കിൽ മറ്റുവല്ല വിധത്തിലും സേവനം ചെയ്തോ അല്ലാഹുവിനോടും ദൈവനിയുക്തനോടും എന്തെങ്കിലും ഔദാര്യംചെയ്തുവെന്ന് വിചാരിക്കരുത്. മറിച്ച് നിങ്ങളെ സേവനത്തിന് വിളിക്കുന്നുവെന്നത് അവന്റെ ഔദാര്യമാണ്.' അവിടന്ന് പറഞ്ഞു: 'ഈ ജോലി ആകാശത്തു നിന്നുള്ളതാണെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. നിങ്ങളുടെ സേവനം നിങ്ങളുടെ നന്മയ്ക്കുവേണ്ടി മാത്രമാണ്.'(മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 3 പേജ് 497–498)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നിട്ടുള്ളവർ ത്യാഗത്തിന്റേയും സേവനത്തിന്റേയും ആത്മാവ് മനസിലാക്കിയെന്നല്ല, അത് ശരിയാം വണ്ണം മനസിലാക്കിയിരിക്കുന്നു. അകമഴിഞ്ഞ ത്യാഗത്തിന് ശ്രദ്ധ നല്കികൊണ്ടിരിക്കുന്നു. ഇത് അഹ്മദിയ്യത്ത് സ്വീകരിച്ച് വർഷങ്ങളായവർ മാത്രമല്ല, മറിച്ച് പുതിയ അഹ്മദികളും ബയ്അത്ത് ചെയ്തതിനുശേഷം ഈ ധനത്യാഗത്തിന്റെ ആത്മാവും യാഥാർഥ്യവും മനസിലാക്കിയിരിക്കുന്നവരാണ്. അങ്ങേയറ്റം ദരിദ്രാവസ്ഥയിലുള്ളവരും ധനത്യാഗത്തിന്റെ കാര്യത്തിൽ ആരുടെയും പിന്നിലാകാൻ ആഗ്രഹിക്കുന്നില്ല. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സ്വഹാബാക്കൾ ചെയ്ത പോലെയുള്ള ത്യാഗങ്ങൾ ചെയ്യുന്നു. ചില ഉദാഹരണങ്ങൾ അത്തരത്തിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അക്കാലത്ത് അവരെ സംബന്ധിച്ച് പറഞ്ഞിരുന്നു: 'എന്റെ ജമാഅത്തിന്റെ സ്നേഹത്തിലും ആത്മാർഥയിലും ഞാൻ അത്ഭുതപ്പെടുകയാണ്. അവരിൽ സാമ്പത്തിക ശേഷി അങ്ങേയറ്റം കുറഞ്ഞവരുമുണ്ട്. പിന്നീട് അവിടന്ന് ഉദാഹരണം പറഞ്ഞു, 'മിയാൻ ജമാലുദ്ദീൻ, ഖയ്റുദ്ദീൻ, ഇമാമുദ്ദീൻ കശ്മീരി' എന്നിവരെപ്പോലെ! പറഞ്ഞു: ഇവർ എന്റെ ഗ്രാമത്തിനടുത്ത് താമസിക്കുന്നവരാണ്. ഈ മൂന്ന് സഹോദരൻന്മാരും മൂന്നോ നാലോ അണയ്ക്ക് നിത്യജോലി ചെയ്യുന്നവരായിരിക്കും. അവർ അത്യാവേശത്തോടെ മാസന്തോറും ചന്ദ നല്കുന്നു. ചന്ദയിൽ ചേർന്നവരാണ്.'(ഉമീമ രിസാല അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ വാള്യം 11 പേജ് 313 അടിക്കുറിപ്പ്)

അക്കാലത്ത് ദീനീ പ്രചാരണത്തിനുവേണ്ടി അവർ ചെയ്ത ത്യാഗങ്ങളുടെ ഫലമായി ഇന്ന് അവരുടെ മക്കളും തലമുറകളും ഐശ്വര്യത്തോടെ ജീവിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഇതേ ആത്മാവ് തന്നെയാണ് ഇന്ന് നമുക്കും കാണാൻ കഴിയുന്നത്. ചില സ്ഥലങ്ങളിൽ എന്നല്ല മിക്ക സ്ഥലങ്ങളിലും വളരെ ദൂരത്തു കഴിയുന്ന ദരിദ്രരായവരിൽ ഇത് കാണാൻ കഴിയുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നൂറു വർഷത്തിനുശേഷം ജനിച്ചവരാണ്. അല്ലെങ്കിൽ അഹ്മദിയായവരാണ്. നേരിട്ട് കാലത്തിന്റെ ഖലീഫയെ ഒരു നോക്ക് കണ്ടിട്ടില്ലാത്തവരുമാണ്. പക്ഷേ, ദീനിനോടുള്ള സ്നേഹം ഖിലാഫത്തിനോടുള്ള അനുസരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള കൂറും ചെയ്ത ബയ്അത്ത് പ്രതിജ്ഞയുംകൊണ്ട് ദീനിനുവേണ്ടിയുള്ള ത്യാഗത്തിന്റെ വികാരം എത്രമാത്രം വർധിച്ചിരിക്കുന്നുവെന്നാൽ മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. ഇക്കാര്യം മാത്രം നോക്കുകയാണെങ്കിൽ ഇതു തന്നെ ഹദ്റത്ത് മസീഹ് മൗഊദിന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു തെളിവാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും ഈ വികാരം ജനമനസ്സുകളിൽ ഉണ്ടാക്കാൻ സാധ്യമല്ല. ചിലയാളുകളുടെ ത്യാഗങ്ങളുടേയും അവരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റങ്ങളുടേയും സംഭവങ്ങളിൽ ചിലത് ഞാൻ സമർപ്പിക്കുകയാണ്.

ഘാനയിലെ ഒരു സുഹൃത്ത് ഫ്രിംപോങ്ങ് (Frimpong)സാഹിബ് പറയുന്നു: 'കുറച്ച് വർഷങ്ങൾക്ക് മുമ്പേ എനിക്ക് എന്റെ വിദ്യാഭ്യാസ സംബന്ധമായി അയ്യായിരം പൗണ്ട് ഫീസ് നല്കേണ്ടതായി വന്നു. അതേസമയം ഞാൻ ജോലിയും ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ, ഞാൻ പന്ത്രണ്ട് മാസത്തെ എന്റെ ശമ്പളം ഒരുമിച്ച് ചേർത്താലും ഇത്ര തുക തികയുമായിരുന്നില്ല. എന്നിരുന്നാലും എനിക്ക് ബാങ്കിൽനിന്ന് മൂവായിരം പൗണ്ട് കടം ലഭിച്ചു. എന്റെ ശമ്പളത്തിന്റെ നാൽപ്പത് ശതമാനം എല്ലാ മാസവും കടത്തിന്റെ ഭാഗമായി പിടിച്ചിരുന്നു. എന്നാൽ, ചന്ദ ഞാൻ മുഴുവൻ ശമ്പളത്തിന്റേയും കണക്കാക്കിയാണ് നല്കിയിരുന്നത്. നാൽപ്പത് ശതമാനം പോകുന്നതിനെ ഞാൻ ഗൗനിച്ചിരുന്നില്ല.' പറയുന്നു: 'ഒരു ദിവസം ഞാൻ കമാസി മിഷൻ ഹൗസിൽചെന്നു. കമാസി ഘാനയിലെ ഒരു നഗരമാണ്. സർക്കറ്റ് മിഷണറി എന്റെ വഖ്ഫെ ജദീദ് വാഗ്ദാനത്തെ കുറിച്ച് ഓർമിപ്പിച്ചു. അപ്പോൾ ഞാൻ കീശയിൽകൈയിട്ടു നോക്കി. അതിൽ എന്റെ വാഗ്ദാനാടിസ്ഥാനത്തിലുള്ള തുകയുണ്ടായിരുന്നു. എന്നാൽ, ഒരുപക്ഷേ ഞാൻ ഈ തുക ചന്ദയായി നല്കിയാൽ എന്റെ കൈവശം ജോലിയ്ക്ക് പോകാൻ യാത്രാക്കൂലി പോലും ഉണ്ടാകില്ലെന്ന് ഞാൻ വിചാരിച്ചു.' പറയുന്നു: 'എന്നിരുന്നാലും ഞാൻ ആ തുക അപ്പോൾ തന്നെ ചന്ദയായി നല്കി. മിഷൻ ഹൗസിൽ നിന്ന് തിരിച്ചു പോകുമ്പോൾ എന്റെ അക്കൗണ്ടിലേയ്ക്ക് കുറച്ചു പണം വന്നിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചുകൊണ്ട് ഫോണിൽ മെസേജ്വന്നു. ആ തുക ഞാൻ ചന്ദയായി നല്കിയതിന്റെ അഞ്ചിരട്ടിയായിരുന്നു.' പറയുന്നു: 'ആ തുക ബാങ്കിന് തെറ്റുപറ്റി വന്നതായിരിക്കുമെന്നും പിന്നീട് അത് തിരിച്ച് വലിച്ചേക്കാമെന്നും ഞാൻ കരുതി. കാരണം ശമ്പളം മുമ്പേതന്നെ എന്റെ അക്കൗണ്ടിൽ വന്നിരുന്നു. പക്ഷേ, ഞാൻ അടുത്ത ദിവസം ജോലിയ്ക്ക് ചെന്നപ്പോൾ അത് ഗവൺമെന്റിൽനിന്ന് ലഭിച്ച കഴിഞ്ഞ മാസത്തെ ബാക്കി തുകയാണെന്ന് അറിയാൻ സാധിച്ചു. ഞാൻ പേടിച്ചിട്ടും അല്ലാഹു ചന്ദ നല്കാനുള്ള ധൈര്യം പ്രദാനം ചെ

യ്തുവെന്നതിൽ അവന് നന്ദി രേഖപ്പെടുത്തി. ആ ദിവസം മുതൽ എന്റെ വാഗ്ദാനങ്ങളിലും ചന്ദ നല്കുന്നതിലും ഞാൻ വലിയ ശ്രദ്ധയാണ് നല്കുന്നത്.' ഇദ്ദേഹം ആഫ്രിക്കക്കാരനാണ്. വിദൂര രാജ്യത്ത് വസിക്കുന്നയാളാണ്.

ഒരു ആഫ്രിക്കൻ രാജ്യമാണ് ബുർക്കിനാ ഫാസോ (Burkina Faso). ഫ്രഞ്ച് സംസാരിക്കുന്നവരുടെ രാജ്യമാണ്. അവിടത്തെ ബോ ബോ ജലാസോ(Bobo-Dioulasso)യിലെ മുബല്ലിഗ് എഴുതുന്നു: ഇത് അവിടത്തെ ഒരു നഗരത്തിന്റെ പേരാണ്. ഒരു നവഅഹ്മദി സോദി(Zodi) സാഹിബ് കുറച്ചുകാലമായി മാനസികരോഗം കൊണ്ട് ബുദ്ധിമുട്ടിലായിരുന്നു. ഉറക്ക ഗുളിക ഉപയോഗിച്ചിരുന്നു. ഡിപ്രഷനുണ്ടായി. അത് വളരെയധികം വർധിച്ചിരുന്നു. അദ്ദേഹം ഒരു ദിവസം ഇവിടെ നമ്മുടെ മിഷൻഹൗസിൽ വന്നു. തന്റെ വഖ്ഫെ ജദീദും തഹ്രീക്കെ ജദീദ് ചന്ദയും എത്രയാണെന്നും അത് അടയ്ക്കാൻ താൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. നമ്മുടെ മിഷണറി പറഞ്ഞു, 'ഈ ചന്ദ നിങ്ങൾക്ക് എത്രയാണോ കൊടുക്കാൻ കഴിയുന്നത് കൊടുക്കുക.' അദ്ദേഹം പറഞ്ഞു: 'നിലവാരമുള്ള ചന്ദ എത്രയാണ്?' മിഷണറി അദ്ദേഹത്തിന് പറഞ്ഞുകൊടുത്തു. അദ്ദേഹം സന്തോഷത്തോടെ ചന്ദ കൊടുത്ത് അവിടെനിന്ന് പോയി.കുറച്ചു ദിവസത്തിനുശേഷം വീണ്ടും മിഷൻഹൗസിൽ വന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ രോഗിയായിരുന്നു. ചന്ദ കൊടുത്ത കാരണത്താൽ ഇപ്പോൾ എന്റെ അവസ്ഥ മെച്ചപ്പെട്ടു. ഞാൻ ഉറക്കഗുളിക കഴിക്കുന്നതും നിറുത്തി. മാനസിക സമാധാനം അനുഭവിക്കുന്നു. അതിനുശേഷം അല്ലാഹുവിലേക്കുള്ള താല്പര്യമുണ്ടായി. ചന്ദ കൊടുത്തുകഴിഞ്ഞപ്പോൾ ആരാധനയിലേക്ക് ശ്രദ്ധയുണ്ടാകാൻ തുടങ്ങി. അല്ലാഹു വീണ്ടും കൃപചൊരിഞ്ഞു. അതിനുമുമ്പേ ആത്മഹത്യയിലേക്കുള്ള പ്രേരണയാണ് ഉണ്ടായിക്കൊണ്ടിരുന്നത്.'

യു.കെയിലെതന്നെ ഒരു സുഹൃത്തുണ്ട്. അദ്ദേഹം പറയുന്നു: കുറച്ചുകാലംമുമ്പേ ചന്ദ തഹ്രീക്കെ ജദീദ് അടയ്ക്കാൻവേണ്ടി ഫോൺ മുഖേന എന്നെ ഓർമപ്പെടുത്തി. കഴിഞ്ഞവർഷം ഞാൻ ഇത്ര തുക അടച്ചിട്ടുണ്ടെന്നും പറഞ്ഞിരുന്നു. അപ്പോൾ കഴിഞ്ഞവർഷത്തേക്കാൾ കുറച്ചധികം കൊടുക്കാമെന്ന് ഞാൻ വാഗ്ദാനം ചെയ്തു. ആ സമയത്ത് എന്റെ കൈയിൽ പൈസയൊന്നും ഉണ്ടായിരുന്നില്ല. ഞാൻ ദുആ ചെയ്യാൻ തുടങ്ങി; അല്ലാഹു അവൻതന്നെ എന്തെങ്കിലും ഏർപ്പാട് ചെയ്തുതരാൻ. അദ്ദേഹം പറയുന്നു: രണ്ടാഴ്ചയ്ക്കുശേഷം ടാക്സ് ഡിപ്പാർട്ട്മെന്റിൽനിന്ന് എനിക്ക് കത്തു കിട്ടി; ഞാൻ നടപ്പുവർഷം ടാക്സ് കൂടുതൽ അടച്ചിട്ടുണ്ടെന്നും അത് മടക്കി അയച്ചിട്ടുണ്ടെന്നും പറഞ്ഞ്. ഞാൻ തന്നെയും ഒരു അക്കൗണ്ടന്റാണ്. എനിക്കെന്റെ ടാക്സ് തുടങ്ങിയവ നല്ലവണ്ണം അറിയാം. പക്ഷേ, അല്ലാഹു അമാനുഷികമായ നിലയിൽ ഈ തുക ഏർപ്പാടാക്കിയിരുന്നു. എന്റെ കണക്കുപ്രകാരം ഞാൻ ടാക്സ് മുഴുവൻ കൊടുത്തതാണ്.' അദ്ദേഹം പറയുന്നു: അതിനു കുറച്ചു മാസങ്ങൾക്കുശേഷം സ്വദ്ർ സാഹിബ് വീണ്ടും ഫോൺ ചെയ്തു. വഖ്ഫെ ജദീദ് ചന്ദയെ സംബന്ധിച്ച് ഓർമിപ്പിച്ചു. കഴിഞ്ഞവർഷം ഇത്ര ചന്ദയാണ് കൊടുത്തിരുന്നതെന്നും പറഞ്ഞു. അപ്പോഴും ഞാൻ കഴിഞ്ഞവർഷത്തേക്കാൾ കുറച്ചധികം വാഗ്ദാനം എഴുതിച്ചു. ആ നേരത്തും എന്റെ കൈയിൽ പൈസയൊന്നുമുണ്ടായിരുന്നില്ല. ഞാൻ ചിന്തിച്ചു. ആദ്യം അല്ലാഹു ടാക്സ് തിരിച്ചുനൽകി തുക അയച്ചുതന്നിരുന്നു. ഇപ്പോൾ ബാഹ്യമായി നോക്കുമ്പോൾ ഒന്നും കിട്ടുന്ന ലക്ഷണമില്ല. പിന്നീട് പറയുന്നു: ഞാൻ ദുആ ചെയ്യാൻ തുടങ്ങി. ഒരാഴ്ചയ്ക്കുശേഷം ഞാൻ എന്റെ കടലാസുകൾ പരിശോധിക്കുകയായിരുന്നു. ഞാൻ ഒരു ബില്ല് കണ്ടു. അതിനോടൊപ്പം കുറച്ച് ഓഫറും ഉണ്ടായിരുന്നു. ഞാൻ കമ്പനിക്കാർക്ക് ഫോൺ ചെയ്തു. ആ ഓഫർ അനുസരിച്ച് എനിക്ക് പ്രീ–പെയ്ഡിന്റെ കാർഡ് ഉണ്ടാക്കി അയച്ചുതന്നു. അതിൽ ഞാൻ ചന്ദ കൊടുത്തതിനേക്കാൾ കൂടുതൽ തുക ഉണ്ടായിരുന്നു. ഇങ്ങനെ അല്ലാഹു വഖ്ഫെ ജദീദ് ചന്ദ മുഴുവനും അടയ്ക്കാനും ഏർപ്പാട് ചെയ്തു.' ഇത് അല്ലാഹു ആഫ്രിക്കയിൽ മാത്രം കാണിക്കുന്ന ദൃശ്യങ്ങളല്ല. മറിച്ച് സദുദ്ദേശ്യത്തോടുകൂടി എവിടെയൊക്കെ ചന്ദ കൊടുക്കാൻ ആഗ്രഹിക്കുന്നവരുണ്ടോ അവർക്കെല്ലാം ഇത്തരം ദൃശ്യങ്ങൾ കാണിച്ചുകൊടുക്കുന്നു.

ബുർക്കിനാ ഫാസോ (Burkina Faso) യിലെ മുബല്ലിഗാണ് ബിശാറത്ത് അലി സാഹിബ്. അദ്ദേഹം പറയുന്നു: ബോറോമോ(Boroma) റീജ്യണിലെ ഒരു നവ അഹ്മദി കോനോ ആദം(kone Adama) സാഹിബിനോടു കഴിഞ്ഞ വർഷം വഖ്ഫെ ജദീദ് ചന്ദയെ കുറിച്ച് പറഞ്ഞു. അപ്പോൾ അദ്ദേഹം ഓരോ വർഷവും ഗ്രാമത്തിലെ മൗലവിക്കു കൊടുക്കാറുള്ളത് ചന്ദയിൽ കൊടുത്തു. അദ്ദേഹം പരമ്പരാഗത മുസ്‌ലിമായിരുന്നു. ബയ്അത്തുചെയ്ത് വന്നതാണ്. അപ്പോൾ അദ്ദേഹം മുമ്പേ മൗലവിക്ക് കൊടുക്കാറുണ്ടായിരുന്ന തുക ചന്ദ കൊടുത്തു. അദ്ദേഹത്തിന്റെ പിതാവ് ഇതറിഞ്ഞു. അയാൾ ദ്വേഷപ്പെട്ടു. സ്വത്തിന്റെ ഒരു ഭാഗം നല്കി അദ്ദേഹത്തെ അനന്തരാവകാശത്തിൽനിന്ന് ഒഴിവാക്കി. അദ്ദേഹം പറയുന്നു: ഈ വർഷം അദ്ദേഹം കൃഷി ഇറക്കി. ദൈവകൃപയാൽ നല്ല വിളയുണ്ടായി. ചില സ്ഥലങ്ങളിൽ മഴ കൂടുതൽ പെയ്ത കാരണത്താൽ വിളവ് നശിച്ചിരുന്നു. പക്ഷേ, ഇദ്ദേഹത്തിന്റെ വെള്ളക്കെട്ടുള്ള കൃഷിയും മോശമായില്ല. അദ്ദേഹത്തിന്റെ പിതാവിന്റേയും മറ്റു ബന്ധുക്കളുടേയും കൃഷി മഴ കൂടുതൽ പെയ്ത കാരണത്താൽ മോശമായി. തന്റെ പിതാവിന്റെ കൃഷി വീണ്ടും ഇറക്കുന്നതിന് അദ്ദേഹം സഹായിച്ചു. തന്റെ നല്ല വിളയിൽനിന്ന് ഓഹരിയും നല്കി. അപ്പോൾ ഇദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു: തീർച്ചയായും നിങ്ങളുടെ ജമാഅത്തിന് നീ ചന്ദ കൊടുത്ത കാരണത്താലാണ് നിന്റെ കൃഷിയിൽ കൃപയുണ്ടായത്. പിതാവ് അതംഗീകരിക്കുകയായിരുന്നു. ഇങ്ങനേയും പറഞ്ഞു: നിങ്ങളുടെ ജമാഅത്ത് സത്യമാണ്. നീ അതിൽതന്നെ നിലകൊള്ളുക. മൗലവിയെ ഉപേക്ഷിക്കാൻ പറ്റാത്തത് എന്റെ നിർബന്ധിതാവസ്ഥയാണ്.' ചില പഴയ ആചാരങ്ങളും സമ്പ്രദായങ്ങളുമുണ്ട്. അതു അവരെ കെട്ടിയിട്ടിരിക്കുകയാണ്. ഈ വർഷവും അദ്ദേഹം ചന്ദ ഇരട്ടി അടച്ചിരിക്കുന്നു.

ഗാംബിയാ(Gambia)യിലെ കിയാംഗ്(Kiang) ജില്ലയിലെ ഒരു ഗ്രാമത്തിൽ ജമാഅത്തിന്റെ എതിരാളികൾ അഹ്മദിയ്യത്തിൽനിന്ന് അംഗങ്ങളെ അകറ്റാൻ ശ്രമം നടത്തി. എല്ലാ അഹ്മദികളേയും അഹ്മദിയ്യത്തിൽനിന്ന് അകറ്റുന്നതിൽനിന്ന് വിജയിച്ചുവെന്ന് അവർ വീരവാദം മുഴക്കി. അപ്പോൾ നമ്മുടെ ഒരു അഹ്മദി അംഗം ജാലൂ സാഹിബ് മുഅല്ലിം സാഹിബിനോടു പറഞ്ഞു: എതിരാളികളുടെ ഈ എതിർപ്പ് വളമെന്നപോലെ പ്രവർത്തിക്കുകയായിരുന്നു. കാരണം ഈ എതിർപ്പിനു മുമ്പേ ഞാൻ കർമനിരതനായ അഹ്മദിയായിരുന്നില്ല. എന്നാൽ, ഇപ്പോൾ ചന്ദ വഖ്ഫെ ജദീദും തഹ്രീക്കെ ജദീദും കൊടുക്കുന്നുവെന്നു മാത്രമല്ല വസ്വിയ്യത്തിന്റെ അനുഗൃഹീത സ്കീമിലും ചേർന്നു കഴിഞ്ഞിരിക്കുന്നു.' എതിരാളികൾ ജമാഅത്തിനെ ഉന്മൂലനം ചെയ്യാനാഗ്രഹിച്ചിരുന്നു. എന്നാൽ, ആ എതിർപ്പ് കുറച്ച് അഹ്മദികളുടെ ഈമാനെ മുമ്പത്തേതിനെക്കാൾ വർധിപ്പിച്ചു.

ഗിനികൊണാക്രി(GuineaConakry)ഒരുരാജ്യമാണ്. അവിടത്തെ ഒരു സ്നേഹിതൻ അക്കോബി(Akobi)സാഹിബ് പറയുന്നു: മിഷണറി ഇൻചാർജ് സാഹിബ് വഖ്ഫെ ജദീദിനെ ഉദ്ധരിച്ചുകൊണ്ട് കഴിഞ്ഞ വർഷം ഞാൻ ചെയ്ത ഖുത്ബ ജുമുഅ–ഇതിൽ കുറച്ചു ധനത്യാഗങ്ങളുടെ സംഭവങ്ങൾ വിവരിച്ചിരുന്നു– കേൾപിച്ചു. അദ്ദേഹം പറയുന്നു: എന്റെ മനസ്സിൽ അത് വളരെ സ്വാധീനമുണ്ടാക്കി. അടുത്ത ദിവസം എന്റെ തൊഴിൽസംബന്ധമായി ഞാൻ സിയറലിയോൺ (Sierra Leone)ലേക്ക് പോകുകയായിരുന്നു. എന്റെ കൈയിൽ യാത്രാചെലവിന് വെറും 300 ഡോളർ മാത്രമെ ഉണ്ടായിരുന്നുള്ളു. എനിക്ക് പൈസയ്ക്ക് വളരെ ആവശ്യമുണ്ടായിരുന്നു. എന്നിട്ടും ഞാൻ ചന്ദ വഖ്ഫെ ജദീദ് കൊടുക്കുന്നതിന് 300 ഡോളറിൽനിന്ന് 100 ഡോളർ മാറ്റി ഒരു കവറലിട്ടുവച്ചു. അതിനുശേഷം ഞാൻ മറ്റു ജോലികളിൽ മുഴുകി. കവർ അയക്കാൻ മറന്നുപോയി. അദ്ദേഹം പറയുന്നു: ഈ സംഭവത്തിനുശേഷം രണ്ടു മണിക്കൂർ കഴിഞ്ഞതേയുള്ളു, ഒരാൾ എന്റെ ഓഫീസിൽവന്ന് എനിക്ക് ഒരു കവർ തന്നിട്ട് പറഞ്ഞു: 'ഇത് താങ്കളുടെ ഇന്ന സ്നേഹിതൻ താങ്കൾക്കു തരാൻ അയച്ചതാണ്.' ഞാൻ കവർ തുറന്നുനോക്കിയപ്പോൾ അതിൽ 300 ഡോളറുണ്ടായിരുന്നു. താങ്കൾ യാത്ര പോകുകയാണല്ലോ. ഇത് താങ്കളുടെ യാത്രാചെലവിനുവേണ്ടി അയക്കുകയാണ് എന്ന് അതിലെഴുതിയിരുന്നു. അപ്പോഴാണ് ഞാൻ ആ കവർ അയച്ചിട്ടില്ലല്ലോ എന്നോർത്തത്. അയക്കുന്നതിനുമുമ്പേ അല്ലാഹു വർധിപ്പിച്ചു നല്കി.' അദ്ദേഹം പറയുന്നു: അല്ലാഹു എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേരാൻ തൗഫീഖ് നല്കിയതിന് അവനോടുള്ള സ്തുതികൊണ്ട് എന്റെ മനസ്സു നിറഞ്ഞു.' ഇങ്ങനെ അല്ലാഹു ആളുകളുടെ ഈമാൻ വർധിപ്പിച്ചുകൊണ്ടേ പോകുന്നു. ധനം അല്ലാഹുവിൽനിന്നാണ് വരുന്നതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യം അവർക്ക് മനസ്സിലായിക്കൊണ്ടിരിക്കുന്നു.

ബെനിൻ (Benin) റീജ്യണിലെ ബോഹി കോണി(Bohicon)ലെ മുബല്ലിഗ് എഴുതുന്നു: ബോഹികോൺ(Bohicon) റീജ്യണിലെ ഒരു ജമാഅത്താണ് അബോമെ(Abomey). അവിടത്തെ സ്വദ്റാണ് അഹൗൻഗാൻ ജേസയ്(Ahouangan Jacques) സാഹിബ്. അദ്ദേഹം പറയുന്നു: എനിക്ക് ഒരു വൻതുക കടംവീട്ടാനുണ്ടായിരുന്നു. അതു കൊടുത്തുവീട്ടാൻ കഴിഞ്ഞിരുന്നില്ല. അതിന്നിടയിൽ അദ്ദേഹത്തിന്റെ ഹൾഖയിലെ മുഅല്ലിം ചന്ദ വഖ്ഫെ ജദീദിനെ സംബന്ധിച്ച് പറഞ്ഞു; 'വർഷം അവസാനിക്കാൻ പോകുകയാണ്. ആരൊക്കെയാണോ ഇതുവരെ കൊടുക്കാത്തത് അവർ എത്രയും വേഗം കൊടുക്കുക.' സ്വദ്ർ സാഹിബ് പറയുന്നു: ആ നേരത്ത് എന്റെ കൈയിൽ കൂടുതൽ പൈസ ഉണ്ടായിരുന്നില്ല. പക്ഷേ, കടം വീട്ടുന്നതിനുപുറമെ വഖ്ഫെ ജദീദ് ചന്ദയും കൊടുക്കണമല്ലോ എന്ന ചിന്തയായി. ആ സമയത്ത് എന്റെ പോക്കറ്റിലുണ്ടായിരുന്ന 500 ഫ്രാങ്ക് ചന്ദ കൊടുത്ത് വീട്ടിൽപ്പോയി. കടമുണ്ടല്ലോ, അതെങ്ങനെ വീട്ടും എന്ന ചിന്തയിലായിരുന്നു. ദുആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: അടുത്ത ദിവസംതന്നെ എനിക്കൊരു ജോലികിട്ടി. അത് കുറച്ചു ദിവസത്തേക്കായിരുന്നു. അതിനുവേണ്ടി നിശ്ചയിച്ചിരുന്ന എന്റെ വേതനം കടം വീട്ടാനുള്ള തുകയെക്കാൾ കൂടുതലായിരുന്നു. അതുകൊണ്ട് ഞാൻ ജോലിയിൽ കയറി. കുറച്ചുദിവസംകൊണ്ട് ആ ജോലി കഴിഞ്ഞു. മുഴുവൻ കടവും വീട്ടി. വീട്ടിലെ റേഷനുള്ള ഏർപാടും ചെയ്തു. അദ്ദേഹം പറയുന്നു:ഇത് ചന്ദയുടെ ബർക്കത്താണെന്ന് ഞാൻ മനസ്സിലാക്കുന്നു.' ഇവർ ഇതൊന്നും യാദൃച്ഛികമാണെന്ന് കരുതുന്നില്ല. അത് തീർച്ചയായും അല്ലാഹു ചെയ്ത ഏർപാടാണെന്നാണ് മനസ്സിലാക്കുന്നത്.

മാലി(Mali) റീജ്യണിലെ സിക്കാസ്സോ(Sika

sso)യിലെ മുബല്ലിഗ് പറയുന്നു:'ഒരു നവ അഹ്മദി അബൂബക്കർ സാഹിബ് പറഞ്ഞു, അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ചന്ദകളുടെ അത്ഭുതകരങ്ങളായ അനുഗ്രഹങ്ങളാണ് ഞാൻ അനുഭവിച്ചത്. എന്റെ ഒരു മകന് മഴക്കാലത്ത് കഠിനമായ രോഗം ഉണ്ടാകുമായിരുന്നു. അവന്റെ ചികിത്സയ്ക്ക് നല്ലൊരു തുക ചെലവഴിക്കേണ്ടിവന്നിരുന്നു. ബുദ്ധിമുട്ടുകൾ സഹിക്കലും ജോലിയിൽനിന്ന് അവധിയെടുക്കലും വേണ്ടിവന്നു. എന്നാൽ, ഞാൻ ചന്ദകൊടുക്കാൻ തുടങ്ങിയതോടെ അല്ലാഹുവിന്റെ കൃപയാൽ അവന് രോഗമുണ്ടായിട്ടില്ല. ഇത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചതിന്റെ ഫലമാണെന്നതിന് എനിക്ക് ഒട്ടും സംശയമില്ല.

ഐവറികോസ്റ്റ്(Ivory coast) റീജ്യണിലെ സാൻപെഡ്രോയിലെ(San-Pedro) മുബല്ലിഗ് എഴുതുന്നു: ഒരു ഗ്രാമമായ കാമ്പ എലിഫന്റിൽ (Kamp Elephant) കുറച്ചാളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. 2018 നവംബറിൽ ഈ ജമാഅത്ത് ഞാൻ സന്ദർശിച്ചു. അവിടെയാണ് രാപാർത്തത്. അർധരാത്രിവരെ തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. വലിയൊരു വിഭാഗം അഹ്മദികളും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അതിനുശേഷം ഒരു അഹ് മദി സ്നേഹിതന്റെ വീട്ടിൽത്തന്നെ സുബ്ഹി നമസ്കരിച്ചു. അതിൽ അഹ്മദികൾ പങ്കെടുത്തു. ആ കുറച്ചു അഹ്മദികളോടു ദർസിനുശേഷം പറഞ്ഞു: 'വഖ്ഫെ ജദീദ് ചന്ദ അടച്ചുതീർക്കാനുള്ള അവസാനമാസമാണ് വരാൻ പോകുന്നത്. അതിൽ എല്ലാ അഹ്മദികളും ചന്ദയടയ്ക്കാൻ ശ്രമിക്കുക.' അതിനുശേഷം എല്ലാവരും വീട്ടിലേക്ക് മടങ്ങിപ്പോയി. അദ്ദേഹം പറയുന്നു: പാവങ്ങളുടെ ഗ്രാമമാണ്. കൂടുതൽ ഇല്ലെങ്കിലും അഞ്ചായിരമെങ്കിലും കിട്ടുമെന്ന് കണക്കുകൂട്ടുകയായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അത് മതിയായതാണ്. അദ്ദേഹം പറയുന്നു:തിരിച്ചുപോരാൻ തുടങ്ങുമ്പോൾ എന്റെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. ഒരു സ്നേഹിതൻ എന്റെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: ഖേദമുണ്ട്. ഇപ്പോൾ വിളയൊന്നും പാകമായിട്ടില്ല. അവസ്ഥ ഞെരുക്കത്തിലാണ്. അതുകൊണ്ട് പതിനേഴായിരം ഫ്രാങ്ക് സി എഫ് എ യാണ് ഇപ്പോൾ നല്കുന്നത്. അതിനോടൊപ്പം പറഞ്ഞു: 'ദുആ ചെയ്യുക. ഞങ്ങൾക്ക് കൂടുതൽ ചന്ദ നല്കാൻ അല്ലാഹു ഞങ്ങളുടെ തൊഴിലിലും വിളയിലും അനുഗ്രഹം നല്കുമാറാകട്ടെ.'

ഇന്ത്യയിലെ ഒരു ഇൻസ്പെക്ടർ ഇഖ്ബാൽ സാഹിബ് എഴുതുന്നു, കാമറഡ്ഡി ജമാഅത്തിൽ വഖ്ഫെ ജദീദിനെ കുറിച്ച് പറയപ്പെട്ടു. ഒരു യുവാവ് അപ്പോൾതന്നെ തന്റെ മുഴുവൻ ചന്ദയും നല്കി. അതിനുശേഷം അന്നുതന്നെ ഒരു വലിയ തുക ലഭിച്ചുവെന്ന അറിവ് അദ്ദേഹത്തിന് ലഭിച്ചു. അതിന് എട്ടുവർഷത്തിൽ അധികമായി അദ്ദേഹം കാത്തിരിക്കുകയായിരുന്നു. ഇത്ര സമയം കഴിഞ്ഞതിനാൽ അദ്ദേഹത്തിന് ആ തുക ലഭിക്കുമെന്ന പ്രതീക്ഷയും അസ്തമിച്ചിരുന്നു. എന്നാൽ, അദ്ദേഹത്തിന് ആ തുക ലഭിച്ചുവെന്ന് മാത്രമല്ല. അദ്ദേഹത്തിന്റെ താൽക്കാലികമായിരുന്ന ജോലിയും സ്ഥിരമായി. ഇതിൽ അദ്ദേഹം വളരെയധികം സന്തോഷിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചതുകൊണ്ട് മാത്രമാണ് ഈ അത്ഭുതം ഉണ്ടായതെന്നും എല്ലാവർഷവും തന്റെ പതിനഞ്ച് ദിവസത്തെ വരുമാനം വഖ്ഫെ ജദീദിന്റ ചന്ദയായി താൻ നല്കുന്നതാണെന്നും അദ്ദേഹം പറയുന്നു.

തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യമായ റൊമാനിയാ(Romania)യിലെ മുബല്ലിഗ് ഫഹീം സാഹിബ് എഴുതുന്നു: ഇവിടെ ഒരു തദ്ദേശ അഹ്മദി റൊമാനിയക്കാരനാണ്. ടൈലറിംഗിന്റെ ജോലിയാണ് ചെയ്യുന്നത്. ചന്ദ നല്കുന്ന കാര്യത്തിൽ വലിയ കൃത്യനിഷ്ഠയുള്ള ആളാണ്. വലിയ സന്തോഷത്തോടെയും ആത്മാർഥമായും ചന്ദ നല്കുന്നു. ചന്ദയുടെ കാര്യം അദ്ദേഹത്തെ ഓർമപ്പെടുത്തേണ്ടതിന്റെ ആവശ്യം തന്നെ ഉണ്ടാകുമായിരുന്നില്ല. എപ്പോഴും കൃത്യസമയത്ത് ചന്ദ കൊടുക്കുന്നു. ചന്ദ കൊടുക്കുന്നതിൽ കൃത്യത പാലിച്ചുവരുന്നു. എപ്പോഴും സാദാ കവറിലോ വെള്ളക്കടലാസിൽ പൊതിഞ്ഞോ ചന്ദ നല്കുന്നു. കവറിൽ ധനത്യാഗം എന്ന പദങ്ങൾ എഴുതിയിട്ടുണ്ടാകും. അദ്ദേഹം എനിക്കൊരു കത്തെഴുതിയിരുന്നു. ആ കത്തിന്റെ ഉദ്ധരണിയാണ് മുറബ്ബി സാഹിബ് നല്കുന്നത്; അതായത് താൻ കണ്ടത് പറയുകയാണ്. അദ്ദേഹം ആ കത്തിൽ അല്ലാഹുവിന്റെ കൃപയാൽ ഞാൻ ചന്ദ നല്കുന്നുവെന്ന് എഴുതി. അദ്ദേഹം പറയുന്നു: 'ഞാൻ ചന്ദ നല്കാൻ ആരംഭിച്ചതുമുതൽ, അല്ലാഹുവിന്റെ തൃപ്തിക്കായി ചന്ദ നല്കുന്നതോടൊപ്പം എന്റെ ഉപഭോക്താക്കളുടെ എണ്ണവും വർധിക്കുന്നുവെന്നകാര്യം എന്റെ അനുഭവമാണ്. വരുമാനത്തിലാണെങ്കിൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹവും ഉണ്ടാകുന്നു.' ഇവർ യുറോപ്യൻ രാജ്യങ്ങളിൽ താമസിച്ച് ഭൗതികതയിൽ കഴിയുന്ന ആളുകളായിരുന്നിട്ടുകൂടി അല്ലാഹു അവരെ അഹ്മദിയ്യത്തിലേയ്ക്ക് കൊണ്ടുവന്ന് തന്റെ അനുഗ്രഹങ്ങൾ നല്കി, വിശ്വാസത്തിൽ ദൃഢചിത്തരാക്കിത്തീർത്തു.

ഇന്ത്യയിലെ ഒരു ഇൻസ്പെക്ടർ സലീം സാഹിബ് എഴുതുന്നു: ജമാഅത്ത് ജയ്പൂറിലെ ഒരു അഹ്മദി സുഹൃത്ത് പ്രൈവറ്റ് സ്ക്കുളിലെ അധ്യാപകനായിരുന്നു. കഴിഞ്ഞ വർഷം വഖ്ഫെ ജദീദ് പദ്ധതിയെ കുറിച്ചും അദ്ദേഹത്തിന്റെ വരുമാനം അനുസരിച്ച് വാഗ്ദാനം അയ്യായിരം എങ്കിലും ആക്കേണ്ടതാണെന്നതിനെ കുറിച്ചും അദ്ദേഹത്തോട് പറഞ്ഞു. അതിൽ അദ്ദേഹം പറഞ്ഞു: ഞാൻ സാധാരണ ഒരു പ്രൈവറ്റ്സ്ക്കൂൾ അധ്യാപകനാണ്, ഇത്ര പണം എവിടെനിന്ന് വരാനാണ്. എന്നിരുന്നാലും അല്ലാഹു അനുഗ്രഹിക്കുന്നതാണെന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. ഈ വർഷം അദ്ദേഹത്തെ രണ്ടാമത് കാണാൻ ചെന്നപ്പോൾ അദ്ദേഹം അതേ സ്ക്കുളിലെ പ്രിൻസിപാളിന്റെ കസേരയിൽ ഇരിക്കുകയാണ്. പറഞ്ഞു: ചന്ദ നല്കിയ കാരണത്താൽ അല്ലാഹു ഈ സ്ക്കുൾ വിലയ്ക്ക് വാങ്ങാനുള്ള തരത്തിൽ അനുഗ്രഹം നല്കി. ഇൻസ്പെക്ടർ സാഹിബ് പറയുന്നു, ഇപ്പോൾ അദ്ദേഹത്തിന്റെ കൈവശം നാല് സ്ക്കുളുകളുണ്ട്. ആദ്യം അദ്ദേഹത്തിന്റെ വീടിന്റെ മേൽകൂര തകിട് (തകരം) കൊണ്ട് ഉണ്ടാക്കിയതായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ അദ്ദേഹം മൂന്ന് നില കെട്ടിടം നിർമിച്ചിരിക്കുന്നു. അതിൽ ഒരുനില അദ്ദേഹം ജുമുഅ നമസ്കാരത്തിന് മാറ്റിവെച്ചിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചതുകൊണ്ട് മാത്രമാണ് ഈ അനുഗ്രഹം ഉണ്ടായത്. അതുകാരണം അദ്ദേഹത്തിന്റെ വിശ്വാസത്തിൽ വർധനയും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

അമീർസാഹിബ് ലൈബീരിയ(LIberia) എഴുതുന്നു: ഡിസംബറിൽ ഞങ്ങളുട തബ്‌ലീഗ് ടീം സൂക്കാർ ടൗൺ(Sookar Town) ഗ്രാമത്തിലെത്തി. ഈ ഗ്രാമം മൊൺറോവിയ(Monrovia) നഗരത്തിൽനിന്ന് അധികം ദൂരത്തല്ല. പക്ഷേ ഇക്കാലഘട്ടത്തിലെ സൗകര്യങ്ങളൊന്നും അവിടെ ഇല്ല. വഴിയും ദുർഘടം പിടിച്ചതാണ്. മൂന്നു മങ്കി ബ്രിഡ്ജസ് കടന്നുവേണം അവിടെ എത്താൻ. അതായത് താൽക്കാലികമായി ഉണ്ടാക്കിയിട്ടുള്ള നൂൽപാലങ്ങളിലൂടെ കടന്നുപോകണം. നമസ്കാരങ്ങൾക്കുശേഷം തബ്‌ലീഗ് ആരംഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. അപ്പോൾ ആ ഗ്രാമത്തിലെ പ്രായംചെന്ന ഒരു മനുഷ്യൻ ഉഥ്മാൻ കുമാര എഴുന്നേറ്റു. താൻ കണ്ട ഒരു സ്വപ്നം പറഞ്ഞു, 'ഞാൻ കുറച്ചുദിവസംമുമ്പേ ഒരു സ്വപ്നം കണ്ടു. ആകാശം പൊട്ടിവീണിരിക്കുകയാണ്. നാലുഭാഗത്തും ശബ്ദകോലാഹലങ്ങൾ. ഇതിന്നിടയിൽ റോഡിൽ ഒരു വണ്ടിവന്നുനിന്നു. അതിൽ വെളുത്ത ആളുകൾ ഇരിക്കുന്നുണ്ട്. 'ഞങ്ങളുടെ അടുത്തു വരിക, ഞങ്ങൾ നിങ്ങൾക്കു സമാധാനം നല്കാം' എന്നു പറഞ്ഞ് അവർ ഞങ്ങളെ വിളിക്കുന്നു. അതോടെ ആ സ്വപ്നം അവസാനിച്ചു. അതിനുശേഷം ഞാൻ ചിന്തയിലാണ്ടു; ഇതെങ്ങനെയുള്ള സ്വപ്നമാണ്? ഇതിന്റെ ഉദ്ദേശ്യമെന്താകാം? ഇപ്പോൾ നിങ്ങൾ വന്നപ്പോൾ സ്വപ്നത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് എനിക്കു മനസ്സിലായി. അദ്ദേഹം പറഞ്ഞു: ഞാൻ പടുവൃദ്ധനായിരിക്കുകയാണ്. ഞാനെന്റെ ജീവിതത്തിൽ ആദ്യമായാണ് ആഫ്രിക്കക്കാരല്ലാത്തവരെ, വെളുത്തവരെ ഇസ്‌ലിമാനുവേണ്ടി തബ്‌ലീഗ് ചെയ്യുന്നവരായി കണ്ടത്. അങ്ങനെ അവിടെ ഉണ്ടായിരുന്ന എല്ലാവരും ജമാഅത്തിൽ ചേരാൻ തീരുമാനിച്ചു. ബയ്അത്തു ചെയ്തു. അപ്പോൾ വഖ്ഫെ ജദീദിന്റെ വർഷം അവസാനിക്കാനായിരുന്നു. അവരോടു ചന്ദ കൊടുക്കാൻ ശ്രദ്ധിക്കണമെന്ന് പറഞ്ഞു. ബയ്അത്തിനുശേഷം ചന്ദ കൊടുക്കാൻ പറഞ്ഞപ്പോൾ അവർ ചന്ദ നല്കി. അവരിൽ ഈമാനും ആത്മാർഥതും വർധിച്ചുകൊണ്ടിരിക്കുന്നു.

സ്വദ്ർ ലജ്ന കനഡ പറയുന്നു: ഒരു മജ്‌ലിസിൽ പര്യടനത്തിനായി ചെന്നപ്പോൾ ഒരു വനിത, 'അവരുടെ പന്ത്രണ്ടു വയസ്സുള്ള പെൺകുട്ടിക്ക് സ്ക്കൂളിൽനിന്ന് എൺപത് ഡോളർ സമ്മാനം ലഭിച്ചുവെന്നും അതുകൊണ്ട് അവൾ എന്തോ വാങ്ങുവാൻ ആഗ്രഹിച്ചിരുന്നുവെന്നും എന്നാൽ, സെക്രട്ടറി വഖ്ഫെ ജദീദിന്റെ പ്രേരണ പ്രകാരം അവൾ സമ്മാനമായി ലഭിച്ച മുഴുവൻ തുകയും ചന്ദയായി നല്കിയെന്നും പറഞ്ഞു. അവർ പറയുന്നു: 'അല്ലാഹു എപ്രകാരം അവളെ അനുഗ്രഹിച്ചെന്നാൽ, അടുത്ത ദിവസം അബ്ദുസ്സലാം സയൻസ് ഫെയറിൽ അവൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അതിൽ മുന്നൂറ് ഡോളർ പ്രതിഫലമായി ലഭിച്ചു. ഇവ്വിധം അല്ലാഹു ആ കുട്ടിയുടെ വിശ്വാസത്തിലും നിശ്ചയത്തിലും ദൃഢതനല്കി.'

ഇക്കാലത്ത് Fortnite എന്ന ഒരു പുതിയ ഗയിം ആരംഭിച്ചിട്ടുണ്ട്. ചില കുട്ടികൾ അതിൽ അവരുടെ പണം പാഴാക്കി കളയുന്നു. മാതാപിതാക്കളും ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ഉപസംഘടനകളും അവരെ തടയേണ്ടതാണ്. കാരണം ഒന്നിനുശേഷം അടുത്ത സ്റ്റെപ്പിലേക്ക് പോകുന്നതിന് വീണ്ടും കാർഡ് എടുക്കുന്നു. പിന്നീട് പൈസ ചെലവഴിക്കുന്നു. കഴിഞ്ഞ ദിവസം ഒരു ആർട്ടിക്കിൾ ഉണ്ടായിരുന്നു. ഒരു അന്വേഷണമായിരുന്നു അത്. ചിലസംഘങ്ങൾ കുട്ടികളുമായി ബന്ധം വെക്കുന്നു. അവരെ കബളിപ്പിക്കുന്നു. കാർഡ് കൊണ്ടുത്തരാം എന്നു പറഞ്ഞ് അവരുടെ മാതാപിതാക്കളുടെ ബാങ്ക് അക്കൗണ്ടുകളും വാങ്ങുന്നു. കുറച്ചു നാളുകൾക്കുശേഷമാണ് തങ്ങളുടെ അക്കൗണ്ടിൽ പണമില്ലെന്ന് മാതാപിതാക്കൾ അറിയുന്നത്. ഈ ഒരു ഗെയിം കാരണം ഒരു ലഹരി പോലുള്ള ശീലം കുട്ടികളിൽ ഉണ്ടാകുന്നു. ഇവർ സമയം നഷ്ടപ്പെടുത്തി കളയുകയും തെറ്റായ ചിന്താഗതികൾ അവരിൽ ഉടലെടുക്കുന്നുവെന്ന്മാത്രമല്ല ചില മാതാപിതാക്കൾക്ക് അതുകൊണ്ട് നഷ്ടവും ഉണ്ടാകുന്നു. ഇതിൽനിന്ന് വിട്ടു നില്ക്കേണ്ടതാണ്. എന്തൊന്നിലേക്കാണ് അല്ലാഹു നമ്മുടെ ശ്രദ്ധ തിരിച്ചത് അതായത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കണമെന്ന ചിന്താഗതി അത് കുട്ടികളിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്; പ്രത്യേകിച്ചും വഖ്ഫെ ജദീദിന്റെ കാര്യത്തിൽ!

ഇന്ത്യയിലെ കർണാടക (സംസ്ഥാനത്തിലെ) ഒരു ഇൻസ്പെക്ടർ സാഹിബ് എഴുതുന്നു: ഒരു റിഫ്രഷർ ക്ലാസ് സംഘടിപ്പിച്ചിരുന്നു. അതിൽ ഈ വിനീതനും നാഇബ് നാളിം സാഹിബ് മാൽ വഖ്ഫെ ജദീദിനോടൊപ്പം പങ്കെടുത്തു. നാഇബ് നാളിം സാഹിബ് മാൽ അവിടെ ഒരു പ്രാദേശിക മുഅല്ലിം സാഹിബിന്റെ ഭവനത്തിൽവച്ച്, കഴിഞ്ഞ വർഷം കേരളത്തിൽശക്തമായ മഴ ഉണ്ടായെന്നും അതുമൂലം വലിയ നാശനഷ്ടങ്ങൾ ഉണ്ടായതിനാൽ വഖ്ഫെ ജദീദിന്റെ വസൂലിയിൽ കാര്യമായ പ്രയാസം നേരിടുന്നുവെന്നും പറഞ്ഞു. അതിനുശേഷം നാഇബ് നാളിം മാൽ മുഅല്ലിം സാഹിബിന്റെ വീട്ടിൽനിന്ന് പോകുന്നതിന് മുമ്പേ അദ്ദേഹത്തിന്റെ മക്കൾക്ക് നൂറ് രൂപാ വീതം ഉപഹാരമെന്ന നിലയിൽ നല്കി. കുറച്ച് കാലത്തിനുശേഷം രണ്ടാമത് ആ ജമാഅത്ത് സന്ദർശിച്ചപ്പോൾ, മുഅല്ലിം സാഹിബിന്റെ മക്കൾ ഉപഹാരമായി ലഭിച്ച ആ നൂറ് രൂപകൾ, വഖ്ഫെ ജദീദിൽ ചന്ദയായി നല്കിക്കൊണ്ട് പറഞ്ഞു: കേരളത്തിന്റെ അവസ്ഥ പ്രളയംകാരണം വളരെ മോശമാണ്. അതുകൊണ്ട് ഞങ്ങളിൽനിന്ന് ഇത് ചന്ദയായി സ്വീകരിച്ചാലും.' പ്രായം കുറവായിരുന്നിട്ടും അവരുടെ ഹൃദയത്തിലുള്ള ചന്ദയുടെ പ്രാധാന്യം വളരെ വലുതാണ്.

യു.കെ. ജമാഅത്തിലെതന്നെ ഒരു സ്ത്രീ വിവരിക്കുന്നു: എനിക്ക് 2010–ൽ അഹ്മദിയ്യാ ജമാഅത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. ബയ്അത്തു ചെയ്ത കാരണത്താൽ വീട്ടിൽനിന്ന് ഇറക്കിവിട്ടു. അപ്പോൾ എനിക്ക് ഒരു ജോലിയുമുണ്ടായിരുന്നില്ല. ചന്ദ കൊടുക്കാൻ കഴിയാത്തതിൽ എനിക്ക് നാണക്കേടു തോന്നിയിരുന്നു. സത്യത്തിൽ നവ അഹ്മദികൾക്ക് ആദ്യവർഷം ചന്ദകൊടുക്കുക എന്നത് നിർബന്ധമായിരുന്നില്ല. പക്ഷേ, അവർ പറയുന്നു: എനിക്കെന്തായാലും ചിന്തയുണ്ടായിരുന്നു. എനിക്ക് ജോലികിട്ടുമ്പോൾ ഞാൻ എന്നാണോ ബയ്അത്ത് ചെയ്തത് അന്നുമുതലുള്ള ചന്ദ കണക്കുകൂട്ടി നല്കുമെന്ന് വാഗ്ദാനം ചെയ്തു. കുറച്ചു മാസങ്ങൾക്കുശേഷം എനിക്കു ജോലികിട്ടി. ഞാൻ ചന്ദ കൊടുക്കാൻ തുടങ്ങി. ചന്ദയുടെ അനുഗ്രഹംകൊണ്ട് അല്ലാഹുവിന്റെ കൃപയാൽ ഒരു വർഷത്തിൽ മൂന്നുതവണ എന്റെ ശമ്പളത്തിൽ വർധനയുണ്ടായി. പിന്നീട് കുറച്ചു കാലത്തിനുശേഷം മുമ്പേ ഞാനുമായി ബന്ധം വിച്ഛേദിച്ചിരുന്ന മാതാപിതാക്കളുമായും ബന്ധമുണ്ടായി. മാതാപിതാക്കളുമായി നല്ല ബന്ധങ്ങളാണുണ്ടായത്. വിവാഹും നടന്നു. അവർ പറയുന്നു: അല്ലാഹുവിന്റെ കൃപയാൽ എനിക്ക് എല്ലാ വസ്തുക്കളും ലഭ്യമാണ്.'

ലൈബീരിയാ(LIberia)യിലെ ക്യാപ് മൗണ്ട് (Cape Mount)കൗണ്ടിയിലെ തദ്ദേശ മുഅല്ലിം പറയുന്നു: നഗ്ബീന (Ngbina)ജമാഅത്തിൽ ചന്ദ വഖ്ഫെ ജദീദിനെ കുറിച്ച് പറഞ്ഞു. കുറച്ചു ദിവസത്തിനുശേഷം ഒരു ആത്മാർഥയായ സ്ത്രീ മുസു കാമാറ (Musu Kamara) സാഹിബ പറഞ്ഞു: ധനത്യാഗത്തിന്റെ ബർക്കത്തുകൾ വിവരിച്ചുകൊണ്ട് വഖ്ഫെ ജദീദ് ചന്ദയെ കുറിച്ച് താങ്കൾ പറഞ്ഞപ്പോൾ മറ്റുള്ളവർ തങ്ങളുടെ ചന്ദകൾ കൊടുക്കുകയായിരുന്നു. പക്ഷേ, എന്റെ കൈയിൽ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അവർ പറയുന്നു: 'നിങ്ങൾ വീണ്ടും വന്നിരിക്കുന്നതായും ഞാൻ 100 ലൈബീരിയൻ ഡോളർ ചന്ദ നല്കുന്നതായും ഇന്നലെ രാത്രി സ്വപ്നം കണ്ടു. പൈസ എന്റെ കൈയിലില്ലാതിരുന്നതുകൊണ്ട്, എങ്ങനെയാണ് ചന്ദ അടച്ചതെന്നോർത്ത് നേരം വെളുത്തപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായതെങ്ങനെയെന്നാൽ കുറച്ചുനേരം മുമ്പേ ഒരാൾ വന്നു. എനിക്ക് 500 ലൈബീരിയൻ ഡോളർ തന്നു. എന്റെ മകൻ എനിക്ക് അയച്ചതാണെന്ന് അയാൾ പറഞ്ഞു. അതായത് ആ സ്ത്രീയുടെ മകൻ! അതുകൊണ്ട് ആ സ്വപ്നം പൂർത്തിയാക്കുന്നതിന് 100 ലൈബീരിയൻ ഡോളർ ചന്ദ തരുന്നതിനുവേണ്ടി വന്നതാണ്.'

ഇത്തരം ഒരുപാട് സംഭവങ്ങളുണ്ട്. സ്ത്രീകൾ മിക്കപ്പോഴും ചന്ദ കൊടുക്കുന്നതിന് ഭർത്താക്കന്മാരെ നന്നാക്കാറുണ്ട്. ചന്ദകളിലേക്ക് അവരുടെ ശ്രദ്ധ കൊണ്ടുവരുന്നു. ഈ പ്രാധാന്യം പുരുഷന്മാരെക്കാൾ കൂടുതൽ അവർ മനസിലാക്കുന്നു.

ഗിനികൊണാക്രി(Guinea Conakry)യിലെ അബൂബക്കർ സാഹിബ് എഴുതുന്നു: അദ്ദേഹം ഒരു ജമാഅത്തിന്റെ സ്വദ്റാണ്. കൃഷിവകുപ്പുമായി ബന്ധപ്പെട്ടയാളാണ്. അഹ്മദിയ്യത്താ സ്വീകരിച്ചതിനുശേഷം ജമാഅത്തിലെ മുബല്ലിഗുമാരും മുഅല്ലിമീംകളും മിക്കപ്പോഴും എന്നോടു ചന്ദ കൊടുക്കാൻ പറയുമായിരുന്നു. പക്ഷേ, ഞാൻ വളരെ കുറച്ചു തുകയാണ് നല്കാറുണ്ടായിരുന്നത്. പക്ഷേ, എന്റെ ഭാര്യ ഇക്കാര്യത്തിൽ വളരെ കൃത്യത പാലിച്ചിരുന്നു. വളരെ സംവിധാനത്തോടുകൂടി ചന്ദ നല്കിയിരുന്നു. എന്നോടും ചന്ദ കൊടുക്കാൻ പറയുമായിരുന്നു. ധാരാളം പൈസ ഉണ്ടാകുമ്പോൾ ചന്ദ കൊടുക്കാമെന്ന് പറഞ്ഞ് ഞാൻ ഒഴിഞ്ഞുമാറുമായിരുന്നു. അല്ലാഹുവിന്റെ അവകാശം പൂർണമായും കൊടുക്കുമ്പോഴാണ് കൂടുതൽ പണമുണ്ടാകുന്നതെന്ന് അവർ പറഞ്ഞു. ഇപ്രകാരം എന്റെ ഭാര്യ നിർബന്ധിച്ച് എന്നെക്കൊണ്ട് ചന്ദ കൊടുപ്പിക്കാൻ തുടങ്ങി. ശറഹ് അനുസരിച്ച് ചന്ദ കൊടുക്കാൻ തുടങ്ങിയപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹം മഴപോലെ വർഷിക്കുന്നത് ഞാൻ കണ്ടു. അദ്ദേഹം പറയുന്നു, എന്നെക്കാൾ കൂടുതൽ പഠിച്ചിട്ടുള്ള, കൃഷിവകുപ്പിൽ ഡിഗ്രികൾ എടുത്തിട്ടുള്ള ആളുകൾക്കൊന്നും, ഒന്നു അറിയാത്ത എനിക്ക് കിട്ടുന്ന വിളവ് കിട്ടിയില്ല. ഇപ്പോൾ ഞാൻ ചന്ദ കണക്കനുസരിച്ച് തദ്ദേശ മിഷണറിക്ക് കൊടുത്ത് രസീത് മുറിപ്പിച്ചതിനുശേഷമേ എന്റെ വിഹിതം വീട്ടിൽ കൊണ്ടുവരാറുള്ളൂ.

ഐവറികോസ്റ്റ്(Ivory Coast) റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: ഒരു സ്നേഹിതനായ സാബിലോ സാഹിബിന് സ്വപ്നം മുഖേന അഹ്മദിയ്യത്തു സ്വീകരിക്കാൻ തൗഫീഖ് കിട്ടി. ബയ്അത്തിനുശേഷം കൃത്യമായി ഖുത്ബ കേൾക്കുന്നു. ആവേശത്തോടെ തബ്ലീഗ് ചെയ്യുന്ന ദാഈ ഇലല്ലായാണ്. വ്യക്തിപരമായ സ്വന്തം ചെലവിൽ പുസ്തകങ്ങൾ വാങ്ങി അനഹ്മദികൾക്ക് നല്കുന്നു. സാബിലോ സാഹിബ് ഒരു ഹോട്ടലിലാണ് ജോലി ചെയ്തിരുന്നത് . നല്ല പോസ്റ്റിലായിരുന്നു. പക്ഷേ, ഇപ്പോൾ അദ്ദേഹത്തിന് ജോലിയൊന്നുമില്ല. അദ്ദേഹത്തിന്റെ ഭാര്യതന്നെയാണ് ഇപ്പോൾ വീട്ടുചെലവ് സഹിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുന്നത്. പറയുന്നു: കുറച്ചുദിവസം മുമ്പേ താൻ മുപ്പതിനായിരം സിഎഫ് എ ഫ്രാങ്ക് വഖ്ഫെ ജദീദ് ചന്ദ അയക്കുന്നുവെന്ന് അദ്ദേഹം ഫോണിലൂടെ പറഞ്ഞു. അപ്പോൾ ഞാൻ അദ്ദേഹത്തോടു താങ്കളുടെ അവസ്ഥ ഇപ്പോൾ നല്ലതല്ല താങ്കൾ ചന്ദ കുറച്ചു കൊള്ളുക എന്ന് പറഞ്ഞു. കാരണം എനിക്ക് അദ്ദേഹത്തിന്റെ അവസ്ഥ നല്ലവണ്ണം അറിയാമായിരുന്നു. നിങ്ങളെ സംബന്ധിച്ചിടത്തോളം ഈ തുക അധികമാണ്. ഇനി ജൽസ സാലാനയും വരുന്നുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞു:'ഇരുപതിനായിരം ഫ്രാങ്ക് ചന്ദ കൊടുക്കുകയാണെന്ന് ഞാൻ എന്റെ ഭാര്യയോടു പറഞ്ഞപ്പോൾ അവൾ പറയുന്നു, മുപ്പതിനായിരം കൊടുക്കണമെന്ന്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിന്നീട് അദ്ദേഹം ജൽസയിലും പങ്കെടുത്തു. ഇങ്ങനെ ഒരുപാട് സ്ഥലങ്ങളിൽ സ്ത്രീകൾ പുരുഷന്മാരെക്കൊണ്ട് ചന്ദ കൊടുപ്പിക്കാറുണ്ട്.

ഓസ്ട്രേലിയൻ (Australia) ജമാഅത്തിലെ സ്വദ്ർ സാഹിബ് വിവരിക്കുന്നു: ഒരു ആത്മാർഥ സുഹൃത്ത് തന്റെ ചന്ദ വഖ്ഫെ ജദീദ് മുഴുവനും അടച്ചു കഴിഞ്ഞിരുന്നു. ഡിസംബർ 20 ന് ആമില അംഗങ്ങളെ ഒരിക്കൽക്കൂടി പ്രത്യേക ആഹ്വാനം മുഖേന കുടിശ്ശിക അടയ്ക്കാൻ ഓർമപ്പെടുത്തി. ഇദ്ദേഹവുമായി ബന്ധപ്പെട്ടപ്പോൾ വീണ്ടും അദ്ദേഹം വലിയൊരു തുക അടച്ചു. അടുത്ത ദിവസം വൈകുന്നേരം എനിക്ക് അദ്ദേഹത്തിന്റെ ഫോൺ വന്നു. വളരെ വികാരഭരിതനായിക്കൊണ്ട് പറഞ്ഞു: വിനീതൻ ചന്ദ വഖ്ഫെ ജദീദ് നല്കിയിരുന്നു. അല്ലാഹു ഒരൊറ്റ ദിവസം കൊണ്ടുതന്നെ അത് പൂർത്തീകരിച്ചു.' അദ്ദേഹം പറയുന്നു: ഞാൻ മൂന്ന് വർഷമായി Food Take Away എന്ന (സ്ഥാപനം) നടത്തി കൊണ്ടിരിക്കുന്നു. എന്നാൽ, കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇത്തവണ ചന്ദ നല്കിയതിന് ശേഷം വന്നത്ര ഉപഭോക്താക്കൾ ഒരിക്കൽ പോലും ഇതിനുമുമ്പേ വന്നിട്ടില്ല.'

ഇപ്രകാരംതന്നെ ഇന്തൊനേഷ്യയിലെ ഒരു സംഭവമുണ്ട്; ഈമാനിൽ നിലകൊള്ളുന്നതിന്റെ. ഈ സംഭവം അത്ഭുതപ്പെടുത്തുന്നതാണ്. ഇന്തൊനേഷ്യയിലെ ഒരു നവ അഹ്മദി, അദ്ദേഹം 2016 ലാണ് ബയ്അത്ത് ചെയ്തത്. ബയ്അത്തിനുശേഷം അദ്ദേഹത്തിന്റെ കുടുംബക്കാരിൽനിന്നും അയൽവാസികളിൽനിന്നും ശക്തമായ എതിർപ്പുണ്ടായി. ഒരു തവണ അദ്ദേഹത്തിന്റെ വീട്ടുകാർ അദ്ദേഹത്തെ കഠിനമായി മർദിച്ചു. ജമാഅത്ത് ഉപേക്ഷിക്കാൻ അവർ നിർബന്ധിച്ചു. മുബല്ലിഗിനെ കാണുന്നതിന് നിയന്ത്രണങ്ങൾ ഏർപെടുത്തി. അതിനുശേഷം അദ്ദേഹം രഹസ്യമായാണ് മുബല്ലിഗിനെ കണ്ടിരുന്നത്. ജമാഅത്തിൽ വന്നതിനുശേഷം ത്യാഗങ്ങൾ ചെയ്യേണ്ടിവരുമെന്ന് മുബല്ലിഗ് പറഞ്ഞു. ഇപ്പോൾ നിങ്ങൾ സ്വയം നോക്കുക. പക്ഷേ, താനെന്തായാലും ത്യാഗം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു;എതിർപ്പ് വർധിച്ചാലും വേണ്ടില്ല. ചന്ദയുടേയും ധനത്യാഗത്തിന്റേയും പ്രാധാന്യവും അദ്ദേഹത്തിന് പറഞ്ഞുകൊടുത്തു. അദ്ദേഹം ബയ്അത്ത് ചെയ്ത് ഒരു മാസം കഴിഞ്ഞുടനെ ചന്ദ നല്കാൻ തുടങ്ങി. സ്ഥിരമായ ജോലി ഉണ്ടായിരുന്നില്ല. അങ്ങനെയായിട്ടും ചെറിയ ചെറിയ ജോലിയിൽനിന്നു കിട്ടുന്ന വേതനത്തിന്റെ ചന്ദ കൊടുക്കാൻ തുക നീക്കിവച്ചു. ആളുകൾ കാണാതെ രാത്രിനേരത്ത് മിഷൻഹൗസിൽ വരും. മിഷൻ ഹൗസിൽ വരുന്നതിനുമുമ്പേ ആരെങ്കിലും കാണുന്നുണ്ടോ എന്ന് ഗ്രാമത്തിൽ കറങ്ങി നോക്കും. ആ പരിതഃസ്ഥിതിയിലും അദ്ദേഹം കൃത്യമായി മിഷൻഹൗസുമായി ബന്ധം വെച്ചു. ചന്ദ നല്കുന്നതിനു വന്നുകൊണ്ടിരുന്നു.

മറ്റൊരു സംഭവമുണ്ട്. ഇദ്ദേഹം അഹ്മദിയല്ല. അല്ലാഹുവിൽനിന്ന് അവർക്കും എങ്ങനെയാണ് ആഹ്വാനമുണ്ടാകുന്നത്. മാലി (Mali)യിലെ മുബല്ലിഗ് എഴുതുന്നു:വഖ്ഫെ ജദീദിനെ സംബന്ധിച്ച് 'അഹ്മദിയ്യ കീത്താ' റേഡിയോയിൽ എന്റെ ഖുത്ബ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ അവിടെനിന്ന് 45 കിലോമീറ്റർ ദൂരത്തുള്ള ഒരു ഗ്രാമത്തിലെ ചീഫ് ഫോൺ ചെയ്ത് തന്റെ ഗ്രാമത്തിൽ തബ്ലീഗിന് വരാൻ ക്ഷണിച്ചു. തബ്ലീഗിനുവേണ്ടി ഞങ്ങൾ അവിടെ ചെന്നപ്പോൾ ചീഫ് വളരെ വികാരഭരിതനായി പറഞ്ഞു: കാലത്തിന്റെ ഖലീഫ വഖ്ഫെ ജദീദിനെ ഉദ്ധരിച്ച് വിവിധ രാജ്യങ്ങളിൽ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ പറഞ്ഞപ്പോൾ അതു കേട്ട് ഗ്രാമവാസികളായ ഞങ്ങളിൽ അത്ഭുതകരമായ സ്വാധീനമുണ്ടായി. ഈ പരിശുദ്ധമായ പദ്ധതിയിൽ എന്തുകൊണ്ട് പങ്കെടുക്കാൻ കഴിഞ്ഞില്ലെന്നോർത്ത് ഞങ്ങൾക്ക് വിഷമമുണ്ടായി. അതുകൊണ്ടാണ് നിങ്ങളെ ഫോണിലൂടെ വിളിച്ചത്. അവിടെ അഹ്മദികളുടെ ടിവി ഘടിപ്പിച്ചിട്ടുണ്ട്. അതിൽ ആ ഖുത്ബ കാണുകയായി

രുന്നു. റേഡിയോയിൽ കേൾക്കുകയായിരുന്നു. അപ്പോൾ തബ്‌ലീഗ് പരിപാടിയും വെക്കപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ ദിവസം 85 പേർ ബയ്അത്തു ചെയ്തു. ഗ്രാമവാസികൾ അപ്പോൾത്തന്നെ ഒരു ചാക്ക് ചോളവും ആയിരം ഫ്രാങ്കും വഖ്ഫെ ജദീദിന്റെ അനുഗൃഹീത പദ്ധതിയിൽ നല്കി. അല്ലാഹുവും അത്ഭുതകരമായ മാർഗത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നുവെന്ന് മാത്രമല്ല പ്രത്യുത സഹായികളേയും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ബെനിൻ (Benin)ലെ ലോകോസ്സ (Lokossa) റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: ലോകോസ്സായിലെ ഒരു ജമാഅത്തിൽ ചന്ദ വഖ്ഫെ ജദീദിനെ കുറിച്ച് പറഞ്ഞു. കുറച്ചു ദിവസത്തിനു ശേഷം ഞങ്ങളുടെ റീജ്യണൽ ജൽസയും ഉണ്ടായിരുന്നു. അതിൽ പങ്കെടുക്കാനും അഭ്യർഥിച്ചു. പറയുന്നു: ആ സമയത്ത് ജമാഅത്തിന്റെ സ്വദ്ർ ഗഫ്ഫാർ സാഹിബ് എന്റെയടുത്ത് വന്നു. അദ്ദേഹം കുറച്ചു തുക ജൽസയിൽ പങ്കെടുക്കണം എന്നുദ്ദേശ്യത്തോടെ സ്വരുക്കൂട്ടി വെച്ചിട്ടുണ്ടെന്ന് പറഞ്ഞു. പക്ഷേ, ചന്ദ കൊടുക്കേണ്ടതും നിർബന്ധമാണ്. അതുകൊണ്ട് എന്താണ് ചെയ്യേണ്ടത്? അപ്പോൾ ഞാൻ അതുകേട്ട് പറഞ്ഞു, ജൽസയിൽ പങ്കെടുക്കുക. അല്ലാഹു അനുഗ്രഹിക്കുന്നതായിരിക്കും. ചന്ദ പിന്നീട് കൊടുക്കുക. പറയുന്നു: കുറച്ചു ദിവസത്തിനുശേഷം അദ്ദേഹത്തെ ജൽസയിൽ കണ്ടപ്പോൾ കുറച്ചു പണം എനിക്കു തന്നു. തന്റെ ചന്ദ എടുക്കാൻ പറഞ്ഞു. ഇദ്ദേഹം പറയുന്നു, 'ഞാൻ സെക്രട്ടറി മാലിനോടു പറഞ്ഞു: ഗഫ്ഫാർ സാഹിബ് ജൽസയിൽ പങ്കെടുക്കുന്നതിനുവേണ്ടി സ്വരുക്കൂട്ടി വെച്ചിരുന്ന പണമാണ് ചന്ദ നല്കിയിട്ടുള്ളത്. അദ്ദേഹം സ്വയം കുടുംബത്തോടൊപ്പം 15 കിലോമീറ്റർ നടന്നാണ് ജൽസയിൽ പങ്കെടുത്തിട്ടുള്ളത്.'

ഇവരെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയിട്ടുള്ളത്. അവർ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും കാര്യങ്ങൾ കേൾക്കുന്നു. അതിനുശേഷം ആത്മശുദ്ധീകരണത്തിനുള്ള സാഹചര്യങ്ങളും ഒരുക്കുന്നു. എല്ലാ ത്യാഗത്തിനും തയ്യാറുമായിരിക്കുന്നു. യഥാർഥത്തിൽ ഇവരാണ് ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവർ. ബുദ്ധിയ്ക്ക് അന്ധത ബാധിച്ചവർക്ക് അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. ഇവരുടെ ആത്മാർഥതയും കൂറും ത്യാഗങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിന്റെ പിന്തുണ ഉണ്ടെന്നുള്ളതിന് വ്യക്തമായ തെളിവല്ലേ? അവരുടെ ബുദ്ധിയിൽ പർദ്ദ വീണിട്ടില്ലെങ്കിൽ ഇതു തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടിട്ടുള്ള ആളാണെന്നതിന് മതിയായ തെളിവാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ) തിരുമേനിയുടെ അധ്യാപനത്തെ വർധിപ്പിക്കുന്നതിനും ലോകത്ത് പ്രചരിപ്പിക്കുന്നതിനുമാണ് വന്നത്. ഈ മുസ്‌ലിംകൾക്ക് ബുദ്ധിവരികയും ഈ യാഥാർഥ്യം മനസ്സിലാക്കുകയും ചെയ്തിരുന്നെങ്കിൽ അല്ലാഹുവിന്റെ കൃപയാൽ ഇസ്‌ലാമിന് അതിവേഗം ലോകത്ത് വിജയിക്കാൻ കഴിയുമായിരുന്നു. മുസ്‌ലിംകളുടെ ഇസ്‌ലാമിന് ചീത്തപേരുണ്ടാക്കുന്ന എല്ലാ കാര്യങ്ങൾക്കും വിരുദ്ധം നമ്മൾ കാണുമായിരുന്നു. ഇൻശാഅല്ലാഹ്. എന്തായാലും നമ്മുടെ ജോലി നമ്മൾ നമ്മളെ നന്നാക്കിത്തീർക്കുക എന്നതാണ്. അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. ഏറ്റവും കൂടുതൽ തബ്‌ലീഗിലേക്ക് ശ്രദ്ധിക്കുക. ത്യാഗങ്ങളിലേക്കും ശ്രദ്ധിക്കുക. ഇസ്‌ലാമിന്റെ യാഥാർഥ്യം ലോകത്തിന് വ്യക്തമാക്കികൊടുക്കുക.

ഇനി ഞാൻ കുറച്ച് വിവരങ്ങളും അവതരിപ്പിക്കുകയാണ്. അല്ലാഹുവിന്റെ കൃപയാൽ വഖ്ഫെ ജദീദിന്റെ 61-ാം വർഷം 2018 ഡിസംബർ 31ന് അവസാനിച്ചു. ഇതിൽ ജമാഅത്തംഗങ്ങൾക്ക് 91 ലക്ഷത്തി മുപ്പത്തിനാലായിരും പൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടി. ഈ വസൂലി കഴിഞ്ഞവർഷത്തേക്കാൾ രണ്ടുലക്ഷത്തി എഴുപത്തിയൊന്നായിരം പൗണ്ട് കൂടുതലാണ്. പാക്കിസ്താൻ അവരുടെ സ്ഥാനം നിലനിറുത്തിയിട്ടുണ്ട്. ഇതിനു പുറമെ പൊസിഷൻ നേടിയ ആദ്യ പത്തുരാജ്യങ്ങളിൽ ബ്രിട്ടൻ ഒന്നാം സ്ഥാനത്താണ്. തഹ്‌രീക്കെ ജദീദിൽ ജർമനിയായിരുന്നപ്പോൾ അമീർ സാഹിബ് പറഞ്ഞിരുന്നത് ഇൻശാഅല്ലാഹ് വഖ്ഫെ ജദീദിൽ തങ്ങൾ മുകളിൽ വരുമെന്നാണ്. ഇവർ മതിയായ വ്യത്യാസത്തോടെ മുകളിൽ വന്നിരിക്കുന്നു. അല്ലാഹു ജമാഅത്തംഗങ്ങളുടെ ധനത്തിലും ജീവനിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഭാവിയിലും അവർക്ക് വളരാൻ തൗഫീഖ് നല്കുമാറാകട്ടെ. രണ്ടാം സ്ഥാനത്ത് ജർമനിയാണ്. പിന്നീട് അമേരിക്ക. പിന്നെ കനഡ. ഞാൻ അമേരിക്കയോടും പറയുകയാണ്. അവർക്കും കനഡയ്ക്കും ഇടയിൽ വളരെ നിസാരമായ വ്യത്യാസമേയുള്ളൂ. അവർ കൂടുതൽ ശ്രദ്ധിച്ചിട്ടില്ലെങ്കിൽ ഇവർ ഒന്നാംസ്ഥാനത്തുനിന്ന് മൂന്നാംസ്ഥാനത്തേക്ക് വന്നിരുന്നതാണ്. ഇനി പിന്നിലേക്ക് പോകാം. കനഡ നാലാം സ്ഥാനത്താണ്. അതുകഴിഞ്ഞ് ഇന്ത്യ. പിന്നെ ഓസ്ത്രേലിയ, പിന്നെ ഇന്തൊനേഷ്യ. തുടർന്നു വരുന്നത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. പിന്നെ ഘാന. പിന്നീട് മിഡിൽ ഈസ്റ്റിലെ വേറൊരു ജമാഅത്താണ്. ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ അമരിക്ക ഒന്നാംസ്ഥാനത്തുതന്നെയാണ്. പിന്നീട് സ്വിറ്റ്സർലാന്റാണ്. അതുകഴിഞ്ഞ് ഓസ്ത്രേലിയ.

ആഫ്രിക്കയിൽ മൊത്തമായ വസൂലിയുടെ അടിസ്ഥാനത്തിൽ ഘാന ഒന്നാംസ്ഥാനത്താണ്. മൊറേഷ്യസ്, നൈജീരിയ, ടൻസാനിയ, ബുർക്കിനാ ഫാസോ പിന്നെ ബെനിൻ.

അല്ലാഹുവിന്റെ കൃപയാൽ ഈ വർഷം വഖ്ഫെ ജദീദിൽ 17 ലക്ഷത്തി മുപ്പത്തിരണ്ടായിരം അംഗങ്ങൾ ചന്ദയിൽ പങ്കെടുത്തു. ഈ വർഷം പങ്കെടുത്തവരുടെ എണ്ണത്തിൽ ഒരു ലക്ഷത്തി ഇരുപത്തിമൂവായിരത്തിന്റെ വർധന ഉണ്ടായിട്ടുണ്ട്. എണ്ണം വർധിപ്പിക്കുന്നതിൽ നല്ല പ്രവർത്തനം കാഴ്ചവെച്ചവരിൽ നൈജർ, സിയറാലിയോൺ, നൈജീരിയ, കാമറോൺ, ബെനിൻ, ഗാംമ്പിയ, കോംഗോ കൺസാഷാ, ടൻസാനിയ, ലൈബീരിയ, സെനിഗാൾ എന്നിവ ഉൾപ്പെടുന്നു.

വഖ്ഫെ ജദീദിൽ ചന്ദ ബാലിഗാനും അത്ഫാലും വെവ്വേറെയാണ്. ഇതു പ്രത്യേകിച്ചും പാക്കിസ്താനിലും കാനഡയിലുമാണ് ആരംഭിച്ചിട്ടുള്ളത്. ഇതിൽ ബാലിഗാനിൽ പാക്കിസ്താനിലെ ആദ്യ മൂന്ന് ജമാഅത്ത് ഇവയാണ്. ഒന്ന് ലാഹോർ, രണ്ട് റബ്‌വ, മൂന്ന് കറാച്ചി. ജില്ലകളിൽ ഒന്നാമത് സിയാൽക്കോട്ട്, പിന്നീട് ഇസ്‌ലാമാബാദ്, പിന്നെ ഫയ്സ്വലാബാദ്. പിന്നെ റാവൽപിണ്ടി, പിന്നെ സർഗോദ, പിന്നെ ഗോജറൻവാല, മുൽത്താൻ, ഹൈദ്രാബാദ്, മീർപൂർഖാസ്, ഡേറഃ ഗാസിഖാൻ.

ദഫ്ത്തർ അത്ഫാലിൽ പാക്കിസ്താനിലെ മൂന്ന് വലിയ ജമാഅത്തുകൾ ലാഹോർ, കറാച്ചി, റബ്‌വ. ജില്ലകളിലെ സ്ഥാനങ്ങൾ ഇങ്ങനെയാണ്. ഇസ്‌ലാമാബാദ്, സിയാൽക്കോട്ട്, റാവൽപിണ്ടി, സർഗോദ, ഗോജറൻവാല, ഹൈദ്രാബാദ്, ഡേറാ ഗാസിഖാൻ, ശേയ്ഖപുര, ഉമർകോട്ട്, നങ്കാനസാഹിബ്. മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ 10 വലിയ ജമാഅത്തുകൾ വോർസെസ്റ്റർ പാർക്ക്, മസ്ജിദ് ഫള്ൽ, ബെർമിംഗ്ഹം സൗത്ത്, ഝിലിംഗ്ഹം, ബെർമിംഗ്ഹം വെസ്റ്റ്, ഇസ്‌ലാമാബാദ്, ഹേയെസ്, ബ്രസ്ഫോർഡ് നോർത്ത്, ന്യൂമോൾഡൻ, ഗ്ലാസ്ഗൊ.

റീജ്യണിന്റെ അടിസ്ഥാനത്തിൽ ലണ്ടൻ ബി ഒന്നാംസ്ഥാനത്താണ്. പിന്നെ ലണ്ടൻ എ. പിന്നീട് മിഡ്‌ലാന്റ്സ്, നാല് നോർത്ത് ഈസ്റ്റ്, അഞ്ചാമത്തേത് മിസ്സ്‌ലെസെസ് റീജ്യനാണ്.

ദഫ്ത്തർ അത്ഫാലിന്റെ ബ്രിട്ടനിലെ റിപ്പോർട്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബ്രഡ്ഫോർഡ് സൗത്ത് ഒന്നാം സ്ഥാനത്താണ്. പിന്നെ സർബിട്ടൻ, ഗ്ലാസ്ഗൊ, റോഹംടൺ വാലി, ഇസ്‌ലാമാബാദ്, റോഹംടൺ, മിച്ചം പാർക്ക്, ബട്ടർഡീ, മാൽഡൻ മാനർ, മോസ്ക് വെസ്റ്റ്.

ജർമനിയിലെ അഞ്ചു ലോക്കൽ ഇമാറത്തുകളിൽ ഒന്നാം സ്ഥാനം ഹംബർഗ്, ഫ്രാങ്ക്ഫർട്ട്, വേസ്ബാദൻ, മോർഫൽഡൻ-വാൽഡോർഫ്, ഡയ്റ്റ്സൺബക്. വസൂലിയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ ആദ്യ 10 ജമാഅത്ത്. സിലിക്കൻവാലി, സിയാട്ടൻ, ഡേട്രോയിറ്റ്, സിൽവർ സ്ട്രീറ്റ്, സെൻട്രൽജ വെർജീനിയ, ബോസ്റ്റൺ, ഡല്ലാസ്, ലൗറൻ, ജോർജിയ കാറോലിന, യോർക്ക് വസൂലിയുടെ അടിസ്ഥാനത്തിൽ കനഡയിലെ ഇമാറത്തുകൾ വാൽ, കൽഗരി, പീസ് വില്ലേജ്, ബ്രംടൺ, വാൽകോവർ.

വലിയ 10 ജമാഅത്ത് ഡർഹം, പിൻഡ്സർ, ബ്രഡ്ഫോർഡ്, എഡ്മെന്റൻ വെസ്റ്റ്, ഡസ്കാടൂൺ നോർത്ത്, ഡസ്കാടൂൺ സൗത്ത്, മോൺട്രിയാൺ വെസ്റ്റ്, മിൽടൺ വെസ്റ്റ്, ഹമിൽടൺ വെസ്റ്റ്, അബ്ബോട്സ്ഫോർഡ്.

ദഫ്തർ ഔവ്വലിന്റെ വ്യക്തമായ 5 പൊസിഷൻ കരസ്ഥമാക്കിയവർ ഡർഹം, മിൽട്ടൺവെസ്റ്റ്, ബ്രഡ്ഫോർസ്, ഹമിൽടൺ സൗത്ത്, ഡസ്കാടൂൺ.

വസൂലിയുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ സംസ്ഥാനങ്ങൾ കേരളം, ജമ്മു കാശ്മീർ, കർണാടക, തെലുങ്കാന, തമിൾനാട്, ഒഡീഷ, വെസ്റ്റ് ബംഗാൾ, പഞ്ചാബ്, ഡൽഹി, ഉത്തർപ്രദേശ്. വസൂലിയുടെ അടിസ്ഥാനത്തിൽ ജമാഅത്തുകൾ ഹൈദരാബാദ്, ഖാദിയാൻ, പത്തപ്പിരിയം, കാലിക്കറ്റ്, കൊൽക്കത്ത, ബാംഗ്ലൂർ, ചെന്നൈ, കരുളായി, ഋഷിനഗർ, ഡൽഹി.

വസൂലിയുടെ അടിസ്ഥാനത്തിൽ ആസ്ത്രേലിയായിലെ 10 ജമാഅത്ത്: കാസ്റ്റിൽഹിൽ, മെൽബോൺ ലോംഗ് വാരൻ, പെൻറിത്ത് മെൽബോൺ ബെർവിക്, മാർഡൻ പാർക്, ബ്രസ്ബേൻ, അഡീലയ്സ് സൗത്ത്, ബ്രിസ്ബെൻ ലോഗൺ, കാൻബെർറാ, പ്ലംടൺ.

അത്ഫാൽ ആസ്ത്രേലിയൻ ജമാഅത്തുകൾ: വെൻറിത്ത്, അഡീലയ്സ് സൗത്ത്, ബ്രസ്ബെൻ ലോഗൻ, മെൽബോൺ ലോംഗ് വാരൻ, മെൽബോൺ ബെർവിക്, ബ്രസ്ബേൻ സൗത്ത്, മാർഡൻ പാർക്, മൗണ്ട് ഡ്രൂഇറ്റ്, കാസ്റ്റിൽ ഹിൽ, മെൽബോൺ ഈസ്റ്റ്.

ഈ പേരുകളെല്ലാം ഉർദുവിലാണ് എഴുതിയിട്ടുള്ളത്. പറയുന്നതിൽ അബദ്ധവുമുണ്ടായിരിക്കാം. എന്തായാലും തദ്ദേശ ജമാഅത്തുകൾക്ക് ഈ വിവരം കിട്ടിയിട്ടുണ്ടാകും.

അല്ലാഹു എല്ലാ രാജ്യങ്ങളിലേയും പങ്കെടുത്തവരുടെ ധനത്തിലും ആയുസിലും ബർക്കത്ത് നല്കുമാറാകട്ടെ. ഭാവിയിലും ഉന്നതമായ ത്യാഗങ്ങൾ സമർപിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

## 2016 മെയ് 11 ബുധനാഴ്ച

### അഭിമുഖം

അതിനുശേഷം തദ്ദേശപത്രമായ സ്കാൻസ്കാ ഡാഗ്ബ്ലാഡാറ്റയുടെ ജേർണലിസ്റ്റ് ഹുദൂറുമായി അഭിമുഖം നടത്തി. ഇന്റർവ്യൂ ആരംഭിക്കുന്നതിനു മുമ്പേ പത്രപ്രവർത്തകൻ പറഞ്ഞു, 'ഈ മസ്ജിദിനെ സംബന്ധിച്ച് ഞാൻ മുമ്പേ ലേഖനമെഴുതിയിട്ടുണ്ട്.'

പത്രപ്രവർത്തകൻ : കുറച്ചുനാൾ മുമ്പേ മാൽമോയുമായി ബന്ധമുള്ള ഒരു യുവാവ് ഭീകരവാദ പ്രവർത്തകന്റെ ആരോപണത്തിൽ ബ്രസീലിൽ അറസ്റ്റു ചെയ്യപ്പെട്ടിരുന്നു. ഐ.എസ്.ഐ.എസ് എങ്ങനെയാണോ ജനങ്ങളെ നിയമിച്ചുകൊണ്ടിരിക്കുന്നത് അത് ഏറ്റവും വലിയ പ്രശ്നമാണ്. ഇതുസംബന്ധമായി അങ്ങ് എന്താണ് പറയുന്നത്?

ഹുദൂർ: ഇതിനെ കുറിച്ച് ഞാൻ ദീർഘകാലമായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഭരണകൂടങ്ങൾ ഇതിന്നെതിരിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിങ്ങൾക്ക് മുസ്‌ലിം സ്കൂളുകൾ, മസ്ജിദുകൾ തുടങ്ങിയവയെ കുറിച്ച് ആരെയെങ്കിലും സംശയമുണ്ടെങ്കിൽ ഔദ്യോഗികമായി അവരെ നിരീക്ഷിക്കേണ്ടതാണ്. തികഞ്ഞ സൂക്ഷ്മത പാലിക്കുകയാണെങ്കിൽ ആരും ഈ രാജ്യം വിട്ട് ഐ.എസ്. ഐ.എസിൽ ചേരുകയില്ലെന്ന് ഞാൻ കരുതുന്നു. അവരെ റാഡിക്കലൈസ് ചെയ്യുന്നുണ്ടെങ്കിലും അത് ഈ രാജ്യത്തിനുള്ളിലാണ് നടക്കുന്നത്. അവർക്ക് എത്തരത്തിലുള്ള തീവ്രവാദപരമായ അധ്യാപനമാണ് നല്കിക്കൊണ്ടിരിക്കുന്നതെന്ന് നോക്കേണ്ടത് സർക്കാരിന്റെ ജോലിയാണ്. അഹ്മദി മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, ഇസ്‌ലാമി കാധ്യാപനങ്ങൾ വളരെ വ്യക്തമായി തീവ്രവാദത്തേയും അക്രമത്തേയും അപലപിക്കുന്നു എന്നതാണ് ഞങ്ങളുടെ വിശ്വാസം. അഹ്മദീ യുവാക്കളേയും ഏതെങ്കിലും അഹ്മദിയേയും സംബന്ധിച്ചിടത്തോളം അവർ രാജ്യം വിട്ട് ഐ.എസ്. ഐ.എസിലോ ഏതെങ്കിലും ഭീകരസംഘടനയിലോ ചേർന്നിട്ടുള്ളതായി നിങ്ങൾക്കൊരിക്കലും കാണാൻ സാധിക്കുകയില്ല. കാരണം ഞങ്ങളുടെ അധ്യാപനങ്ങൾ പ്രീതിയും സ്നേഹവും സാഹോദര്യവും അടങ്ങിയതാണ്. ഈ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് ഭീകരവാദങ്ങളുമായി വിദൂരമായ ബന്ധം പോലുമില്ല. എല്ലാ മതങ്ങളുടേയും അടിസ്ഥാനപരമായ അധ്യാപനം ഇതേ സ്നേഹവും പ്രീതിയും സാഹോദര്യവുമാണെന്നുള്ളതാണ് എന്റെ വിശ്വാസം.

ജേർണലിസ്റ്റ്: ഐ.എസ്.ഐ.എസ് വിട്ട് തിരിച്ച് ബ്രിട്ടനിലോ സ്വീഡനിലോ വന്നുകൊണ്ടിരിക്കുന്ന യുവാക്കളെ കുറിച്ച് അവർക്ക് രണ്ടാമതൊരു അവസരം കിട്ടണമെന്ന് താങ്കൾ പറയുന്നു?

ഹുദൂർ: നോക്കൂ! നിങ്ങൾ അവർക്ക് എല്ലാ സ്ഥലത്തും പോകാൻ പൂർണസ്വാതന്ത്ര്യം നല്കിയിരിക്കുമ്പോൾ നിങ്ങൾക്ക് അവരെ പരിശോധിക്കാൻ കഴിയില്ല. അതുകൊണ്ട് അവരെ ജയിലുകളില്ല, ഹോട്ടലുകളിൽ താമസിപ്പിക്കേണ്ടതാണ്; നിങ്ങൾക്ക് അവരെ വീക്ഷിക്കാനും രാജ്യത്തോടുള്ള കൂറെന്താണെന്ന് അവർക്കു പറഞ്ഞുകൊടുക്കാനും; അതിന് നിങ്ങളുടെ വിശ്വാസത്തിൽ എന്തു സ്ഥാനമാണുള്ളതെന്നും പറഞ്ഞുകൊടുക്കണം. കാരണം ഞങ്ങളുടെ വിശ്വാസമനുസരിച്ച് ദേശത്തോടുള്ള സ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്. അത് പ്രവാചകന്റെ വാക്യമാണ്. ഇതു നിങ്ങളുടെ അധ്യാപനങ്ങളാണെന്നും ഇതനുസരിച്ച് നടക്കണമെന്നും നിങ്ങൾ യുവതലമുറയ്ക്ക് പറഞ്ഞു കൊടുക്കുകയാണെങ്കിൽ, ശരിയായ അവരെ പഠിപ്പിക്കുകയാണെങ്കിൽ അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവരിൽ വലിയ വിഭാഗം കുറച്ചുകാലത്തിനുശേഷം തങ്ങളുടെ പ്രവർത്തനങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുമെന്ന് ഞാൻ കരുതുന്നു. എന്റെ അഭിപ്രായത്തിൽ അവരെ ജയിലിൽ പാർപ്പിക്കരുത്. മറ്റു തടവുപുള്ളികളോടൊപ്പം അവരെ വെക്കുകയാണെങ്കിൽ നിങ്ങൾക്ക് കൂടുതൽ പ്രശ്നങ്ങൾ നേരിടേണ്ടതായി വന്നേക്കാം. ആ തടവുകാരിൽനിന്ന് ചീത്തക്കാര്യങ്ങൾ ഇവർ പഠിക്കാനും ഇടയുണ്ട്. അവർ നന്നായികഴിഞ്ഞിട്ടുണ്ടെന്ന് ഉറപ്പാക്കാൻ അവരെ അവരുടെ വീടുകളിലേക്കും പറഞ്ഞുവിടാവുന്നതാണ്. ഓരോ സമയവും അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ജേർണലിസ്റ്റ്: സ്വീഡനിൽ ഇതിനു വിരുദ്ധമാണ് നടക്കുന്നത്. അവർ തിരിച്ചുവരുമ്പോൾ അവർക്കെതിരിൽ നിയമനടപടികൾ സ്വീകരിക്കുന്നു. കാരണം ഭീകരസംഘങ്ങളോടൊപ്പം ചേരുന്നതും അവരുമായി ബന്ധം വെക്കുന്നതും നിയമവിരുദ്ധപ്രവൃത്തിയാണ്. ഇതിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ഹുദൂർ: അവർക്കെതിരിൽ നടപടി വേണമെന്ന് നിയമം പറയുകയാണെങ്കിൽ അതു ശരിയാണ്. ഈ യാളുകൾ കാരണത്താൽ പ്രശ്നമുണ്ടായി എന്ന് ബോധ്യപ്പെടുകയാണെങ്കിൽ, ഇവർ ആ പ്രശ്നങ്ങളുടെ ഭാഗമാണെന്ന് തെളിയുകയാണെങ്കിൽ, അവർക്ക് ഒരു മാറ്റവും വന്നിട്ടില്ലെങ്കിൽ നിയമം അനുശാസിക്കുന്നതുപോലെ അവരോടു പെരുമാറേണ്ടതാണ്.

ജേർണലിസ്റ്റ്: ഈ പ്രശ്നത്തിൽ അഹ്മദിയ്യാ ജമാഅത്തിന് എന്തു പങ്കാണ് വഹിക്കാൻ കഴിയുക?

ഹുദൂർ: ഞാൻ ദീർഘകാലമായി ഞങ്ങളുടെ പങ്കു വഹിച്ചുകൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ശത്രുക്കൾക്കെതിരിൽ വാളും ശക്തിയും ഉപയോഗിക്കുന്നതിനാണ് പൊതുവെ ജിഹാദ് എന്നു പറയുന്നത്, അത് ഇല്ലാതായിരിക്കുന്നു എന്നാണ് ഞാൻ പറയുന്നത്. മുസ്‌ലിംകളേയും ഇസ്‌ലാമിനേയും ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ശത്രുക്കൾ വാളെടുത്ത് വന്ന സന്ദർഭത്തിലാണ് വാളെടുത്ത് പ്രതിരോധിക്കാനുള്ള ജിഹാദിന് അനുവാദം നല്കപ്പെട്ടത്. അവർ കുറച്ചു മുസ്‌ലിംകളേയും അല്ലെങ്കിൽ കുറച്ചു മുസ്‌ലിം സംഘങ്ങളേയും ഉന്മൂലനം ചെയ്യാനല്ല ആഗ്രഹിച്ചിരുന്നത്. പ്രത്യുത മതത്തെതന്നെ വിപാടനം ചെയ്യുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. പക്ഷേ, ഇക്കാലഘട്ടത്തിൽ വാളിന്റെ ശക്തികൊണ്ട് ഇസ്‌ലാമിന്റെ നാമം ഭൂമുഖത്തുനിന്ന് തുടച്ചുനീക്കാൻ ഏതെങ്കിലും മതമോ മാധ്യമങ്ങളോ ഉപയോഗിച്ച് ഇസ്‌ലാമിനെതിരിൽ പ്രചാരണം നടത്തുകയാണ് ചെയ്യുന്നത്. അതിനാൽ ഇക്കാലഘട്ടത്തിലെ ജിഹാദും അങ്ങനെയുള്ളതാണ്. മാധ്യമങ്ങൾ, സാഹിത്യങ്ങൾ മുഖേന ഇസ്‌ലാം വിരുദ്ധരുടെ ആക്ഷേപങ്ങൾക്ക് മറുപടി നല്കുക. ഇക്കാലഘട്ടത്തിൽ ശക്തി ഉപയോഗിക്കാൻ അനുവാദമില്ല. ശത്രുവിന്നെതിരിൽ വാളെടുത്തുള്ള ജിഹാദിന് ഏറ്റവുമാദ്യം അനുവാദം നല്കപ്പെട്ടപ്പോൾ, ആ അനുവാദത്തോടൊപ്പം വിശദമായ നിർദ്ദേശങ്ങളും നല്കപ്പെട്ടിരുന്നു. ഈ വചനത്തിലും പറഞ്ഞത്, മുസ്‌ലിംകളുടെമേൽ ആക്രമണം നടത്താൻ തയ്യാറായി നില്ക്കുന്ന ശത്രുക്കളെ നേരിട്ടില്ലെങ്കിൽ യഹൂദ ദേവാലയങ്ങളും, ക്രിസ്ത്യൻ പള്ളികളും അമ്പലങ്ങളും, ആരാധനയ്ക്കുള്ള ഒരു സ്ഥലവും സംരക്ഷിക്കപ്പെടുകയില്ലെന്നാണ്. കാരണം ഈ ശത്രുക്കൾ ഇസ്‌ലാമിനെ മാത്രമല്ല വിപാടനം ചെയ്യാനുദ്ദേശിക്കുന്നത്. മറിച്ച് ഇവർ എല്ലാ മതങ്ങൾക്കും എതിരാണ്. എല്ലാ മതങ്ങളേയും ഉന്മൂലനം ചെയ്യാനാഗ്രഹിക്കുന്നു.

ജേർണലിസ്റ്റ്: ഇവർ മനസ്സിലാക്കുന്നത് ഈ രീതിയിൽ തങ്ങൾ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നുവെന്നാണ്.

ഹുദൂർ: നിങ്ങൾ വാളുകൾ മുഖേനയല്ല പ്രത്യുത പ്രബോധനം മുഖേനയാണ് ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കേണ്ടത്. വിശുദ്ധഖുർആൻ തന്നെ പറയുന്നു, വിശ്വാസകാര്യത്തിൽ നിർബന്ധമില്ലെന്ന്. അപ്പോൾ വിശ്വാസകാര്യത്തിൽ നിർബന്ധമില്ലെങ്കിൽ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിന് ശക്തി പ്രയോഗിക്കുക എന്നത് എങ്ങനെ അനുവദനീയമാകാനാണ്?

ഇതിനുശേഷം ജേർണലിസ്റ്റ് ചോദിച്ചു: ഇവിടെ സ്റ്റോക്ഗോവിൽ താങ്കളുടെ പരിപാടി എന്താണ്? താങ്കൾ രാഷ്ട്രീയക്കാരുമായി കാണുമോ?

ഹുദൂർ: രാഷ്ട്രീയക്കാരുമായി കാണുമോ എന്നെനിക്കറിയില്ല. എന്നാൽ, സ്റ്റോക്ഗോവിൽ ഒരു റിസപ്ഷൻ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. കുറച്ചു രാഷ്ട്രീയക്കാർ ഞങ്ങളുടെ ക്ഷണം സ്വീകരിക്കുകയാണെങ്കിൽ ആ അവസരത്തിൽ സംക്ഷിപ്തമായ കൂടിക്കാഴ്ചയ്ക്ക് സാധ്യതയുണ്ട്. ഇല്ലെങ്കിൽ ഞാൻ വിചാരിക്കുന്നത് ഈ മസ്ജിദിന്റെ ഉദ്ഘാടനം മാത്രമാണെന്നാണ്; ജമാഅത്തിലെ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തുക എന്നതാണ്.

ജേർണലിസ്റ്റ്: ഇവിടെ മാൽമോയിൽ നിങ്ങളുടെ മസ്ജിദ് നിർമിച്ചതിന്റെ ഉദ്ദേശ്യമെന്താണ്?

ഹുദൂർ: ഇവിടെ മാൽമോയിൽ അഹ്മദി മുസ്‌ലിംകളുടെ കൈയിൽ ആരാധനയ്ക്ക് സ്ഥലമൊന്നുമുണ്ടായിരുന്നില്ല; സംഘടിക്കാനും, ജമാഅത്തോടു കൂടി നമസ്കരിക്കാനും. പക്ഷേ, ഇപ്പോൾ ഞങ്ങൾ ഇവിടെ മസ്ജിദ് നിർമിച്ചു. ഇതിൽ അഞ്ചുനേരം നമസ്കരിക്കുക എന്നത് ഞങ്ങൾക്ക് നിർബന്ധമാണ്. ഈ മസ്ജിദിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്; അഹ്മദി മുസ്‌ലിംകൾ ഇവിടെ സംഘടിക്കുകയും ഇമാമും ജമാഅത്തുമായി നമസ്കാരങ്ങൾ നിർവഹിക്കുകയും ചെയ്യുക. ഇതുകൂടാതെ മറ്റു ഉദ്ദേശ്യങ്ങളുമുണ്ട്. ഇവിടെ ഞങ്ങൾക്ക് പർപസ് ഹാൾ നിർമിക്കപ്പെട്ടിരിക്കുന്നു. ഇതിനെ നിങ്ങൾക്ക് കമ്മ്യൂണിറ്റി ഹാൾ എന്നും പറയാവുന്നതാണ്. ഇവിടെ അഹ്മദി യുവാക്കൾക്കും പ്രായംചെന്നവർക്കും വരാൻ കഴിയും. ഇവിടെ കളികളിലേർപ്പെടാം. യോഗങ്ങൾ നടത്താം. മറ്റു പരിപാടികളും സംഘടിപ്പിക്കാൻ കഴിയും.

ജേർണലിസ്റ്റ്: ഞാൻ ഇവിടെ ശക്തമായ സെക്യൂരിറ്റി കണ്ടു. ഇതിനു കാരണമെന്താണ്?

ഹുദൂർ: പൊതുവെ ലോകത്തിന്റെ അവസ്ഥകളിൽ ഒരു അസ്വസ്ഥതയുണ്ട്. യൂറോപ്യൻ രാജ്യങ്ങളും ഞങ്ങളുടെ മസ്ജിദുകൾ തുടങ്ങിയവയ്ക്കുള്ള സുരക്ഷിതത്വത്തിന് ഏർപ്പാട് ചെയ്യണമെന്ന് ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. അഹ്മദികൾ ഇവിടെ സംഘടിക്കുമ്പോൾ സെക്യൂരിറ്റിക്കുവേണ്ടി എല്ലാ അഹ്മദികൾക്കും ഒരു ഐഡന്റിറ്റി കാർഡ് ഇഷ്യൂ ചെയ്തിട്ടുണ്ട്. അത് സ്കാൻ ചെയ്ത് അവർക്ക് മസ്ജിദിൽ പ്രവേശിക്കാവുന്നതാണ്. പുറത്തുനിന്നുള്ള ആരെങ്കിലും മസ്ജിദിൽ വരാനാഗ്രഹിച്ചാൽ വരാവുന്നതാണ്. അവിടെ സെക്യൂരിറ്റി വർക്ക് ചെയ്യുന്നതായിരിക്കും. കാരണം അഹ്മദി മുസ്‌ലിംകൾക്കു മാത്രമല്ല ഭീഷണിയുള്ളത്. മറിച്ച് റാഡിക്കുലൈസേഷൻ കാരണത്താൽ എല്ലാ ഓരോരുത്തർക്കും ഭീഷണിയുണ്ട്. അങ്ങയ്ക്കും ഭീഷണി ഉണ്ടാകാവുന്നതാണ്. എന്തായാലും ഞങ്ങളുടെ മസ്ജിദുകളെ എളുപ്പം കുറിമാനമാക്കാൻ കഴിയും. അതുകൊണ്ട് ഞങ്ങൾക്ക് സംരക്ഷണത്തിന് കാവൽ ഏർപ്പെടുത്തേണ്ടിവരുന്നു.

ജേർണലിസ്റ്റ്: അങ്ങയുടെ ബന്ധം പാക്കിസ്താനുമായിട്ടാണ്. പ്രശ്നങ്ങളൊന്നും കൂടാതെ അങ്ങയ്ക്ക് പാക്കിസ്താനിൽ പോകാൻ കഴിയുമോ?

ഹുദൂർ: ഖലീഫയായി തിരഞ്ഞെടുക്കുന്നതിനു മുമ്പേ ഞാൻ പാക്കിസ്താനിലായിരുന്നു. പാക്കിസ്താനിൽ എനിക്കെതിരെ കേസും കൊടുത്തിരുന്നു. ഇക്കാരണത്താൽ കുറച്ചു ദിവസം ജയിലിലും കഴിയേണ്ടി വന്നു. പക്ഷേ, എന്നിട്ടും ഞാൻ പാക്കിസ്താൻ ഉപേക്ഷിച്ചില്ല. എന്നാൽ, ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവെന്നനിലയിൽ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഞാൻ സ്വയം തീരുമാനിച്ചു, ജമാഅത്തും പറഞ്ഞു ഞാൻ ലണ്ടനിൽ താമസിക്കണമെന്ന്. കാരണം പാക്കിസ്താനിലെ നിയമം ഞങ്ങളുടെ ജമാഅത്തിന്റെ നേതാവിനോ

( ശേഷം പേജ് 12ൽ)

(പേജ് 2ൽനിന്ന്)

എന്ന ഒറ്റവികാരത്തോടെ സംഘടിച്ചിട്ടുള്ള എല്ലാ പ്രവർത്തകർക്കും സന്നദ്ധസേവകർക്കും 2018 ലെ ഖാദിയാൻ ജൽസസാലാന ആശംസകൾ അദ്ദേഹം നേർന്നു. നബി(സ) തിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അതിഥി സൽക്കാരത്തെ സംബന്ധിച്ചുള്ള ഹൃദയഹാരിയായ സംഭവങ്ങൾ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പ്രവർത്തകരെ ഉപദേശിച്ചു. അതുപോലെതന്നെ ഹുദൂർ അൻവറിന്റെ വാക്കുകളിൽ എല്ലാ പ്രവർത്തകരേയും ഓഫീസർമാരേയും ഉപദേശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളുടെ ആതിഥ്യമാണ് നിങ്ങൾക്ക് ഏല്പിക്കപ്പെട്ടിട്ടുള്ളത്. ഇൻശാഅല്ലാഹ്. അതിനുള്ള അവസരം നിങ്ങൾക്ക് ലഭിക്കുകയാണ്. അല്ലാഹുവിനുവേണ്ടി ഇവിടെ സംഘടിക്കുന്നവരാണ് അവർ. അല്ലാഹുവിന്റെ ദീനിന്റെ കാര്യങ്ങൾ കേൾക്കാനും ഞാൻ മുമ്പേ പറഞ്ഞതുപോലെ അല്ലാഹുവിന്റെ മസീഹിന്റെ വിളിക്കുത്തരം നല്കിക്കൊണ്ടുമാണ് അവർ സംഘടിച്ചിട്ടുള്ളത്. വർഷത്തിൽ ഒരുതവണ സംഘടിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾ തർബിയ്യത്ത് ചെയ്യുക. നിങ്ങളുടെ ആത്മീയതയെ മെച്ചപ്പെടുത്തുക. ഏതെങ്കിലും അതിഥിയുടെ സ്വഭാവം തീക്ഷ്ണത കൊണ്ട് കഠിനമായ വാക്കുകൾ പറയുന്നതാണെങ്കിൽ പ്രവർത്തകർ എപ്പോഴും ക്ഷമിച്ചു പ്രവർത്തിക്കേണ്ടതാണ്. വിട്ടുവീഴ്ചയോടെ പെരുമാറേണ്ടതാണ്. അയാളോടു മോശമായി പെരുമാറരുത്. കാരണം അതുമുഖേന കൂടുതൽ സങ്കീർണതകൾ ഉണ്ടാകാം.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: *ഖൂലൂ ലിന്നാസി ഹുസ്നാ*(2:84). ജനങ്ങളോടു നല്ലവാക്ക് പറയുക. ഇക്കാര്യം അല്ലാഹു നമ്മളോടു പറഞ്ഞതാണ്. സൽസ്വഭാവത്തെ നിലനിറുത്തുന്നതിനുള്ള ഒരു രീതിയാണിത്. പൊതുവെയുള്ള ഈ കല്പന ജൽസാദിനങ്ങളഇൽ പ്രത്യേകമായ നിലയിൽ കൂടുതൽ പാലിക്കേണ്ടതാണ്. അതുകൊണ്ട് പ്രവർത്തകർ എപ്പോഴും ഉന്നതമായ സ്വഭാവം പ്രദർശിപ്പിക്കേണ്ടതാണ്. ഈ ഉന്നതമായ സൽസ്വഭാവം കൊണ്ട്, അതിഥി സൽക്കാരത്തോടുള്ള കടമ നിർവഹിച്ചുകൊണ്ട് പ്രതിഫലം പറ്റുന്നവരാകുന്നതിനോടൊപ്പം, സ്വന്തം ഈമാന്റെ അഭിവൃദ്ധിയ്ക്കുള്ള നിമിത്തവും ആയിത്തീരുന്നതാണ്. മോശമായുള്ള പെരുമാറ്റത്തെ സൽപെരുമാറ്റം കൊണ്ട് നേരിടുമ്പോൾ മറ്റുള്ളവരിലും അഹ്മദീ സമൂഹവും മൃദുലഭാവത്തിന്റേയും സ്നേഹത്തിന്റേയും പ്രീതിയുടേയും സാഹോദര്യത്തിന്റേയും സമൂഹമാണെന്ന ധാരണ മറ്റുള്ളവരിലും പ്രകടമാകുന്നതായിരിക്കും.

വർഷത്തിനുശേഷം നല്ലത് സ്വരുക്കൂട്ടുന്നതിനും നന്മകൾ സമ്പാദിക്കുന്നതിനുമുള്ള അവസരമാണ് ലഭിക്കുന്നത്. ഇതിൽ എല്ലാ അഹ്മദികളും പ്രത്യേകിച്ച് ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതാണ്. കാരണം അതിഥി സൽക്കാരത്തോടൊപ്പം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് ആതിഥ്യം നല്കുന്നതിനോടൊപ്പം അതിഥികളുടെ ദ്വേഷങ്ങൾ വിട്ടുവീഴ്ച ചെയ്യുകയും സ്വയം നിയന്ത്രിച്ചുനിറുത്തുകയും ചെയ്യുക എന്നത് സൽസ്വഭാവമാണ്. ഇക്കാര്യം തീർച്ചയായും നിങ്ങളെ ഗുണങ്ങളും അനുഗ്രഹങ്ങളുംകൊണ്ട് നിറയ്ക്കുന്നവരാക്കിത്തീർക്കും. എന്നല്ല അസംഖ്യം നേട്ടങ്ങളും അനുഗ്രഹങ്ങളും അല്ലാഹു അതിനുപകരം നല്കുന്നതുമായിരിക്കും.'

അതിഥികളുടെ സൂക്ഷ്മമായ വികാരങ്ങൾ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അതിഥികളുടെ മനസ് കണ്ണാടിപോലെ ദുർബലമാണ്. അല്പം ക്ഷതമേറ്റാൽ പൊട്ടിപ്പോകും. അതിനാൽ ഒന്ന് അതിഥികളോടു ദ്വേഷപ്പെടരുത്. രണ്ട് അതിഥികളിൽ എന്തെങ്കിലും ദൗർബല്യമുണ്ടെങ്കിൽ അവർ നിങ്ങളുടെ ഉന്നതമായ സ്വഭാവംകൊണ്ട് തങ്ങളുടെ അവസ്ഥ മാറ്റാൻ ശ്രമിക്കുന്നതായിരിക്കും. ഇപ്രകാരം നിങ്ങൾ ആരുടെയെങ്കിലും പരിഷ്കരണത്തിനും നിമിത്തമായിത്തീരുന്നതായിരിക്കും.'

ഹുദൂറിന്റെ വാക്കുകളിൽത്തന്നെയണ് അദ്ദേഹം താഴെ കാണുന്ന ഉപദേശങ്ങൾ നല്കിയതും ദുആ വാക്യങ്ങളോടുകൂടി തന്റെ പ്രഭാഷണം അവസാനിപ്പിച്ചതും.

'അതിനാൽ ഈ ദിവസങ്ങളിൽ വരുന്നവരെ ഉപദേശിക്കുന്നതിനോടൊപ്പം അവരും ദുആകളിൽ സമയം ചെലവഴിക്കുക, ഉദ്യോഗസ്ഥരോടും എന്നെന്നും നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെ ഒരിക്കലും വിസ്മരിക്കരുതെന്നും ഞാൻ പറയുകയാണ്. ഓരോ വകുപ്പിന്റേയും ഉദ്യോഗസ്ഥന്മാരും ഓർക്കുക! ഈ ഓഫീസർ സ്ഥാനം മുഖേന ജനതയ്ക്ക് സേവനം ചെയ്യാനാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. അവർ സ്വന്തം ജോലി വിലയിരുത്തുന്നതിനോടൊപ്പം തർബിയ്യത്തിന്റെ അടിസ്ഥാനത്തിൽ തന്റെ ഉദ്യോഗസ്ഥരേയും വിലയിരുത്തുക. അതിഥികൾക്ക് ഏറ്റവും കൂടുതൽ എളുപ്പം ഉണ്ടാക്കുന്നവരായിത്തീരാൻ പരിശ്രമിക്കേണ്ടതാണ്. ദുആകളിൽ ശക്തിചെലുത്തിക്കൊണ്ട് തങ്ങളുടെ ജോലി ചെയ്യുന്നവരായിത്തീരേണ്ടതാണ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.' (ജുമുഅ ഖുത്ബ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്, 21.7.2006)

അവസാനം ഹുദൂറിന്റെ പ്രതിനിധി എല്ലാ വകുപ്പിന്റേയും സെക്രട്ടറിമാർക്കും പ്രവർത്തർക്കും ഹസ്തദാനം ചെയ്തു. ഇങ്ങനെ പ്രവർത്തകരുടെ പരിശോധനാ മീറ്റിംഗ് സമാപിച്ചു. അൽഹംദുലില്ലാഹി അലാദാലിക്.

## ആദ്യദിവസം.
## 2018 ഡിസംബർ 25 വെള്ളിയാഴ്ച

### ഉദ്ഘാടനയോഗം

'ബുസ്താനെ അഹ്മദ്' ജൽസാ ഗാഹിൽ 124–ാമത് ഖാദിയാൻ ജൽസാ സാലാനയ്ക്ക് പ്രൗഢോജ്ജ്വലമായ തുടക്കമാണ് കുറിച്ചത്. ഇന്ത്യ, പാക്കിസ്താൻ തുടങ്ങിയ രാജ്യങ്ങൾക്കുപുറമെ മറ്റു രാജ്യങ്ങളിൽനിന്നു വന്ന അഹ്മദിയ്യത്തിന്റെ പ്രേമികളും രാവിലെ അതിവേഗം ജൽസാഗാഹ് അങ്കണത്തിൽ വന്ന് ഇരിപ്പുറപ്പിച്ചു. ദുആകൾ ചെയ്തുകൊണ്ടിരുന്നു. ഈമാനികാവേശംകൊണ്ട് തക്ബീർ ധ്വാനികളും മറ്റു മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ടിരുന്നു. അങ്ങേയറ്റം ഈമാൻ ദൃഢീകരിക്കുന്ന ദൃശ്യമാണ് അവതരിപ്പിച്ചുകൊണ്ടിരുന്നത്.

### പതാക ഉയർത്തൽ:

ജമാഅത്തിന്റെ പാരമ്പര്യമനുസരിച്ച് സുരക്ഷിതമായ ഒരു പെട്ടിയിൽ ആദരപൂർവ്വം സൂക്ഷിച്ചിരുന്ന അഹ്മദിയ്യാ പതാക ജൽസാഗാഹിൽ കൊണ്ടുവരപ്പെട്ടു. അതിന്റെ നാലുഭാഗത്തും അഹ്മദിയ്യത്തിന്റെ കർമഭടന്മാരായ യുവാക്കൾ സന്നദ്ധരായിനിന്നു. നാളിർ നശ്ർ വ ഇശാഅത്ത് ഹാഫിള് മഖ്ദൂം ശരീഫ് സാഹിബ്, നാളിർ ബയ്ത്തുമാൽ ആമദ് വസീം അഹ്മദ് സിദ്ദീഖ് സാഹിബ്, സ്വദ്ർ മജ്‌ലിസ് അൻസാറുല്ലാ ഭാരത് മൗലാനാ സൈനുദ്ദീൻ ഹാമിദ് സാഹിബ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് കെ ത്വാരിഖ് അഹ്മദ് സാഹിബ്, അഡീഷണൽ നാളിർ ഇസ്‌ലാഹ് വഇർശാദ് വ തഅ്‌ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി മൗലാനാ ഇനായത്തുല്ലാ സാഹിബ് മണ്ടാശി, നാളിർ ബയ്ത്തുൽമാൽ ഖർച്ച് ശുഅയ്ബ് അഹ്മദ് സാഹിബ്, നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ മുള്ഫർ അഹ്മദ് നാസിർ സാഹിബ് തുടങ്ങിയവർ ജൽസാ ഗാഹിൽ അഹ്മദിയ്യാ പതാകയോടൊപ്പം സന്നിഹിതരായിരുന്നു.

രാവിലെ 10.8ന് ബഹുമാനപ്പെട്ട ജലാലുദ്ദീൻ സാഹിബ് നയ്യർ, സ്വദ്ർ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ അഹ്മദിയ്യാ പതാക ഉയർത്തി. പിന്നീട് ദുആയ്ക്ക് നേതൃത്വം നല്കി. സ്റ്റേജിൽനിന്ന് *റബ്ബനാ തഖബ്ബൽമിന്നാ ഇന്നക്ക അൻതസ്സമീഉൽഅലിം* എന്ന പ്രാർഥനാ വാക്യങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നു. അതിനുശേഷം തക്ബീർധ്വനികളും മുദ്രാവാക്യങ്ങളുംകൊണ്ട് ജൽസാഗാഹ് മുഖരിതമായി.

മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ സ്വദ്ർ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ അധ്യക്ഷതയിൽ ഉദ്ഘാടന യോഗം വിശുദ്ധഖുർആൻ പാരായണത്തോടെ ആരംഭിച്ചു. മുഅല്ലിം നഌറത്ത് ഇസ്‌ലാഹ് വ ഇർശാദ് ജുനൂബി ഹിന്ദ് ഖാളി ഉഥ്മാൻ പാശാ സാഹിബാണ് വിശുദ്ധഖുർആൻ പാരായണം ചെയ്തത്. മുൽക് എന്ന അധ്യായത്തിലെ 2 മുതൽ 15 വരെയുള്ള ആയത്തുകളാണ് ഓതിയത്. നാഇബ് നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർകസിയ്യ മൗലവി ത്വാഹിർ അഹ്മദ് ത്വാരിഖ് സാഹിബ് തർജമ കേൾപിച്ചു.

അതിനുശേഷം യോഗാധ്യക്ഷൻ ഉദ്ഘാടന പ്രഭാഷണം നടത്തിക്കൊണ്ടു പറഞ്ഞു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിക്കുത്തരം നല്കിക്കൊണ്ട് അല്ലാഹുവിനുവേണ്ടി മാത്രം ഇവിടെ വന്നിരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും ജൽസാ ആശംസകൾ നേരുകയാണ്. ജൽസാസാലാനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ അദ്ദേഹം സമർപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഈ ജൽസയിൽ ദൃഢവിശ്വാസത്തിനും ദിവ്യജ്ഞാനത്തിനും കരുത്ത് പകരുന്നതിനാവശ്യമായ തത്ത്വോദ്ബോധനവും ആധ്യാത്മികജ്ഞാനവും കേൾപ്പിക്കാനുള്ള സംവിധാനമുണ്ടായിരിക്കും. ഇത്തരം സ്നേഹിതന്മാർക്കുവേണ്ടി പ്രത്യേകിച്ചു ദുആ ചെയ്യുന്നതും അവരെ പ്രത്യേകം ശ്രദ്ധിക്കുന്നതുമാണ്. അല്ലാഹു തന്നിലേക്ക് അവരെ വലിച്ചടുപ്പിക്കുന്നതിനും അവൻ അവരെ സ്വീകരിക്കുന്നതിനും പരിശുദ്ധമായ മാറ്റം അവരിലുണ്ടാക്കുന്നതിനും പരമകാരുണികനായ റബ്ബിനെ മുൻനിറുത്തി പരിശ്രമിക്കുന്നതായിരിക്കും. ഓരോ വർഷവും ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖം ദർശിക്കാനും അങ്ങനെ പരസ്പരം തിരിച്ചറിഞ്ഞ് ബന്ധം അഭിവൃദ്ധിപ്പെടുത്താനും സാധിക്കുമെന്നത് ഈ ജൽസകൊണ്ടുള്ള ഒരു താൽക്കാലിക പ്രയോജനമാണ്. ഈ കാലയളവിൽ ദുൻയാവിനോടു വിടപറഞ്ഞുപോകുന്ന നമ്മുടെ സഹോദരങ്ങളുടെ മഗ്ഫിറത്തിനുവേണ്ടി ജൽസയുടെ അവസരത്തിൽ ദുആ ചെയ്യുന്നതായിരിക്കും. ഈ ആത്മീയജൽസയിൽ മറ്റു ബഹുമുഖ ഫലങ്ങളും പ്രയോജനങ്ങളുമുണ്ടായിരിക്കും. ഇൻശാ അല്ലാഹ് അതു സന്ദർഭോചിതം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നതായിരിക്കും.' (വിജ്ഞാപനം 1891, ഡിസംബർ 30)

"ഈ സമ്മേളനത്തെ മനുഷ്യൻ സംഘടിപ്പിക്കുന്ന ജൽസകളെപോലെ നിങ്ങൾ കരുതരുത്. ഇതിന്റെ അടിസ്ഥാനശില അല്ലാഹുതന്നെ അവന്റെ കൈകൊണ്ടു വെച്ചതത്രെ. അടുത്തു തന്നെ അതിലേക്ക് കൂട്ടംകൂട്ടമായി വന്നെത്തുന്നതിന് ജനപദങ്ങളെ അവൻ ഒരുക്കിക്കഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ, ആരുടെ മുമ്പിൽ ഒന്നും അസാധ്യമായിട്ടില്ലയോ ആ സർവശക്തന്റെ പ്രവൃത്തിയത്രെ ഇത്." (1892 ഡിസംബർ 7)

ബഹുമാനപ്പെട്ട യോഗാധ്യക്ഷൻ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ജൽസയിൽ പങ്കെടുക്കുന്നവർക്ക് ചില ഉപദേശങ്ങൾ നല്കി. ഹുദൂർ അൻവർ പറഞ്ഞു: 'അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. അല്ലാഹു നമുക്ക് നബി(സ)തിരുമേനിയുടെ ഈ സത്യസന്ധനായ സേവകനേയും അല്ലാഹുവിന്റെ ഫൈൽവാനേയും വിശ്വസിക്കാൻ തൗഫീഖ് നല്കി. മസീഹ് മഹ്ദിയുടെ ജമാഅത്തിൽ ചേർന്നു. പക്ഷേ, ഈ ജമാഅത്തിൽ ചേരുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുകയും ചെയ്യുക എന്നത്, നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിക്കൊണ്ട് നമ്മെ സൃഷ്ടിച്ച ദയാലുവും പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാകുമ്പോഴും അവനെ ആരാധിക്കുന്നതിൽ അലസത കാണിക്കാതിരിക്കുമ്പോഴും ലോകത്തിന്റെ ഭൗതികവെളിച്ചവും അലങ്കാരവും ലോകത്തിന്റെ ശ്രദ്ധ ആകർഷിക്കുന്ന വസ്തുക്കളും നമ്മെ അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതാകാതിരിക്കുമ്പോഴും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകുമ്പോഴുമാണ് നമുക്ക് ഫലം ചെയ്യുന്നത്.' (ഖുത്ബ ജുമുഅ, 7.4.2017)

അവസാനം യോഗാധ്യക്ഷൻ പറഞ്ഞു: അല്ലാഹു നമുക്ക് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിലും ആദരണീയരായ ഖലീഫമാരുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിലും നമ്മുടെ കർമപരമായ അവസ്ഥകളിൽ ഒരു ആത്മീയവിപ്ലവം ഉണ്ടാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അതിനുശേഷം അദ്ദേഹം സമൂഹപ്രാർത്ഥനയ്ക്കു നേതൃത്വം നല്കി. ഇതിൽ ജൽസയിൽ പങ്കെടുത്ത എല്ലാവരും ചേർന്നു.

ഉദ്ഘാടന പ്രഭാഷണത്തിനുശേഷം മുബല്ലിഗ് ഖാദിയാൻ രിള്വാൻ അഹ്മദ് സഫർ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

കിസ് ഖദർ ളാഹിർ ഹെ നൂർ
ഉസ് മബ്ദഉൽ അൻവാർ കാ
ബൻ രഹാഹെ സാരാ ആലം
ആഇനയെ അബ്സാർ കാ

എന്ന പദ്യം മനോഹരമായ രീതിയിൽ ആലപിച്ചു.

ഈ യോഗത്തിലെ ആദ്യ പ്രസംഗം മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദിന്റേതായിരുന്നു. 'ദൈവനിഷേധികളുടെ ആക്ഷേപങ്ങളും അവയ്ക്കുള്ള മറുപടിയും' എന്നതായിരുന്നു വിഷയം. അദ്ദേഹം സൂറഃ അഅ്റാഫിലെ 173-ാം വചനം തിലാവത്ത് ചെയ്തു. അതിന്റെ തർജമ കേൾപ്പിച്ചു.

*വഇദ് അഖദ റബ്ബുക്ക മിൻ ബനീആദമ മിൻളുഹൂരിഹിം ദുർരിയ്യത്തഹും വഅശ്ഹദഹും അലാ അൻഫുസിഹിം അലസ്തു ബിറബ്ബിക്കും ഖാലൂ ബലാ ശഹിദ്നാ അൻതഖൂലൂ യൗമൽഖിയാമത്തി ഇന്നാകുന്നാ അൻ ഹാദാ ഗാഫിലീൻ.*

ആദം സന്തതികളിൽനിന്ന്- അവരുടെ മുതുകുകളിൽനിന്ന്- അവരുടെ പിൻതലമുറകളെ നിന്റെ നാഥൻ പുറത്തേക്കു കൊണ്ടുവരികയും, ഞാൻ നിങ്ങളുടെ നാഥനല്ലയോ എന്ന് ചോദിച്ചുകൊണ്ട് അവരുടെ ആത്മാക്കളുടെമേൽ അവരെത്തന്നെ സാക്ഷിനിറുത്തുകയും ചെയ്ത സന്ദർഭം (സ്മരിക്കുക). അവർ പറഞ്ഞു: അതേ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഞങ്ങൾ ഇതിനെ സംബന്ധിച്ച് അശ്രദ്ധരായിരുന്നുവെന്ന് നിങ്ങൾ പുനരുത്ഥാനനാളിൽ പറയാതിരിക്കാൻ വേണ്ടിയാണിത്.(7:173) ദൈവാസ്തിക്യം അതായത് ദൈവത്തിന്റെ സത്ത ഒരു സ്ഥാപിതമായ യാഥാർഥ്യവും ജീവസുറ്റ തെളിവുമാണ്. ഒരു ആത്മാവിനും പ്രകൃതിയുടെ അടിസ്ഥാനത്തിൽ ദൈവത്തെ നിഷേധിക്കാൻ സാധിക്കുകയില്ല. നിഷേധികൾ തങ്ങളുടെ ചിന്താഗതിയിൽ തെളിവു കിട്ടാത്ത കാരണത്താലാണ് നിഷേധിക്കുന്നത്. ലോകത്തിലെ അതിപുരാതനമായ ജനതകളിലും ഏകദൈവവിശ്വാസം നിലനിന്നിരുന്നതായി അറിയാൻ കഴിയുന്നുണ്ട്. അതികഠിനമായ വിപത്തു വരുമ്പോഴും മുമ്പിൽ മരണം കാണാൻ കഴിയുന്ന നേരത്തും ഒരു നിരീശ്വരൻപോലും മനുഷ്യപ്രകൃതിയ്ക്ക് നിർബന്ധിതനായി റാം റാം എന്നോ അല്ലാഹ് അല്ലാഹ് എന്നോ അനിയന്ത്രിതമായി വിളിക്കാൻ തുടങ്ങുന്നു. അല്ലാഹുതന്നെ പറയുന്നു: *അഫില്ലാഹി ശക്കുൻ ഫാ ത്വിരിസ്സമാവാത്തി വൽഅർളി* (14:11) ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവായ അല്ലാഹുവിന്റെ കാര്യത്തിലാണോ സംശയം?

ഗ്രാമീണനായ ഒരാൾ ഒരവസരത്തിൽ ദൈവാസ്തിക്യത്തിനുള്ള തെളിവ് നല്കിക്കൊണ്ട് എത്ര മനോഹരമായാണ് പറഞ്ഞത്: 'വനത്തിൽ വിസർജം കണ്ട് ഒട്ടകത്തെ കുറിച്ച് അറിയാൻ കഴിയുന്നു. കാല്പാദങ്ങളുടെ പാടു കണ്ട് നടന്നുപോയവരെ കുറിച്ച് അറിയാൻ കഴിയുന്നു. അങ്ങനെ വരുമ്പോൾ നക്ഷത്രങ്ങളുള്ള ആകാശവും വഴികളുള്ള ഈ ഭൂമിയും കണ്ട് ഇവയെ സൃഷ്ടിച്ചിട്ടുള്ള ഒരു ദൈവം ഉണ്ടെന്ന് എന്തുകൊണ്ട് മനസ്സിലാക്കിക്കൂടാ?'

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യന്റെ സ്വന്തം അസ്തിത്വം തന്നെ ദൈവാസ്തിക്യത്തിനുള്ള ഏറ്റവും വലിയ തെളിവാണ്. അക്ബർ അലഹാബാദീ പറഞ്ഞതുപോലെ.

മേരി ഹസ്തി ഹെ ഖുദ് ശാഹിദ്
വുജൂദെ ദാത്ത് ബാരീ കി
ദലീൽ ഐസി ഹെ ജോ ഉമർ ഭർ
റദ്ദ് ഹോ നഹീ സക്തി.

ദൈവാസ്തിക്യത്തിന് എന്റെ അസ്തിത്വം തന്നെ തെളിവാണ്. അതെങ്ങനെയുള്ള തെളിവാണെന്നാൽ ജീവിതം മുഴുവൻ ഖണ്ഡിക്കാൻ പറ്റുകയില്ല.

മനുഷ്യന്റെ സൃഷ്ടിപ്പും അവന്റെ ശരീരവും ഒരു വിസ്മയകരമായ ദിവ്യദൃഷ്ടാന്തമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

''*റബ്ബുനല്ലദീ അഅ്ത്വാ കുല്ല ശയ്ഇൻ ഖൽഖഹൂ ഥുമ്മ ഹദാ* ഞങ്ങളുടെ റബ്ബ് എല്ലാ വസ്തുവിനും അതതിന്റെ പ്രകൃതിക്കനുയോജ്യമായ സൃഷ്ടിയെ പ്രദാനം ചെയ്യുകയും അനന്തരം അതിന് നിശ്ചിതമായ പരിപൂർണതയിലേക്ക് എത്തിച്ചേരുവാൻ ഉപദർശനം നല്കുകയും ചെയ്തിരിക്കുന്നവനത്രെ. മനുഷ്യൻ തുടങ്ങി കരയിലും കടലിലും വായു മണ്ഡലത്തിലുമുള്ള എല്ലാ ജീവികളുടേയും ശരീരഘടനയെ പരിശോധിക്കുകയും അവയുടെ പ്രകൃതിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നതായാൽ എല്ലാം അവയുടെ പ്രകൃതിക്ക് യോജിച്ചവിധം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി കാണാം. ഈ വിഷയം ഓരോരുത്തർക്കും വേണ്ടത്ര ചിന്തിച്ചുനോക്കുവാൻ മാത്രം വിപുലതരമായിട്ടുള്ളതാണ്. (ഇസ്ലാമീ ഉസ്വൂൽ കി ഫലാസഫി പേജ് 369)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പദ്യത്തിൽ പറയുന്നു:

കിയാ അജബ് തൂ നെ ഹർഇക്
ദർറ മെ രഘേ ഹൈ ഖാസ്
കോൻ പഢ് സക്താഹെ സാരാ
ദഫ്ത്തർ ഇൻ അസ്റാർകാ
ഹെ അജബ് ജൽവ തേരീ
ഖുദ്റത്ത് കാ പ്യാരെ ഹർ ത്വരഫ്
ജിസ്ത്വരഫ് ദേഘേ വഹീ
രാഹ് ഹെ തേരെ ദീദാർ കാ
(ദുർരെ ഥമീൻ)

എല്ലാ ഓരോ അണുവിലും നീ വച്ചിരിക്കുന്ന പ്രത്യേകതകൾ എത്രമാത്രം അത്ഭുതകരമാണ്. ആ രഹസ്യങ്ങളുടെ കലവറ ആർക്കാണ് വായിച്ചുതീർക്കാൻ കഴിയുക. പ്രിയപ്പെട്ടവനേ! എല്ലാ ഭാഗത്തും നിന്റെ ശക്തിപ്രഭാവത്തിന്റെ ജ്യോതിർവിലാസം എന്തൊരത്ഭുതമാണ്. നിന്നെ കാണാനുള്ള വഴിതന്നെയാണ് എവിടെ നോക്കിയാലും.

യോഗത്തിലെ രണ്ടാമത്തെ പ്രസംഗം നാളിർ അശ്ലാ വ അമീർ മഖാമി മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റേതായിരുന്നു. 'നബി(സ)തിരുമേനിയുടെ ജീവചരിത്രം മാനവികതയോടുള്ള ആദരവ്' എന്നതായിരുന്നു വിഷയം. അദ്ദേഹം പറഞ്ഞു: സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ നിയോഗത്തിനു മുമ്പേ ലോകത്ത് മാനവികതയ്ക്ക് ഒരു ആദരവുമുണ്ടായിരുന്നില്ല. മനുഷ്യരോടുള്ള കടമകളെ സംബന്ധിച്ച് ഒരു സങ്കല്പവുമുണ്ടായിരുന്നില്ല. നബി(സ)തിരുമേനി ഏറ്റവുമാദ്യം അടിമകളെ മോചിപ്പിക്കാൻ തുടങ്ങി. അവിടന്ന് പറഞ്ഞു: 'ആരാണോ സ്വതന്ത്രനായ ഒരാളെ വിൽക്കുന്നത് അവനെ സ്വർഗത്തിലെ കാറ്റുപോലും സ്പർശിക്കുകയില്ല." (ബുഖാരി, കിതാബുൽ ബയ്അ്) ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായെ ഒരു അടിമയുടെ രൂപത്തിൽ നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹദ്റത്ത് ഖദീജ(റ) സമർപ്പിച്ചപ്പോൾ അവിടന്ന് അദ്ദേഹത്തെ മോചിപ്പിച്ചുവെന്ന് മാത്രമല്ല, മറിച്ച് തന്റെ വളർത്തുമകനുമാക്കി. എത്രത്തോളം സ്നേഹവും വാത്സല്യവും അദ്ദേഹത്തിന് നല്കിയെന്നാൽ, സ്വന്തം മാതാപിതാക്കൾ സയ്ദിനെ അന്വേഷിച്ചന്വേഷിച്ച് അദ്ദേഹത്തെ വാങ്ങാൻ വന്നപ്പോൾ ഹദ്റത്ത് സയ്ദ് അവരോടൊപ്പം പോകാൻ തയ്യാറായില്ല; നബി(സ)തിരുമേനിയോടൊപ്പം ജീവിക്കാൻ മുൻഗണന നൽകി.

നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങളുടെ അടിമ നിങ്ങളുടെ സഹോദരനാണ്. അതുകൊണ്ട് ആരുടെയെങ്കിലും കൈയിൽ ഏതെങ്കിലും അടിമയുണ്ടെങ്കിൽ അവൻ തിന്നുന്നത് അവനെ തീറ്റുകയും അവൻ ധരിക്കുന്നത് അവനെ ധരിപ്പിക്കുകയും ചെയ്തുകൊള്ളട്ടെ." അവിടന്ന് പറഞ്ഞു: "അടിമയെക്കൊണ്ട് അവന് താങ്ങാൻ പറ്റാത്ത ജോലി ചെയ്യിക്കരുത്. അങ്ങനെ എന്തെങ്കിലും ജോലിയുണ്ടെങ്കിൽ അതിൽ അവനെ സ്വയം സഹായിക്കുക."(ബുഖാരി, കിതാബുൽ ഇത്ഖ്)

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പറഞ്ഞു: 'ആരാണോ രണ്ടു പെൺകുട്ടികൾക്ക് നല്ല ശിക്ഷണം നല്കിയത് ഞാനും അവനും ഖിയാമത്തുനാൾ ഇങ്ങനെ ഒരുമിച്ചിരിക്കും. രണ്ടു വിരലുകൾ ചേർന്നിരിക്കുന്നതുപോലെ!" (മുസ്ലിം) ഭാര്യയോടു നല്ലരീതിയിൽ പെരുമാറണമെന്ന് ഉപദേശിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു. "നിങ്ങളിൽ ഉത്തമൻ തന്റെ ഭാര്യയോ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ
The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 07 February 2019 Issue-6

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ടു നല്ലരീതിയിൽ പെരുമാറുന്നവനാണ്.' പിന്നീട് തന്റെ മാതൃക സമർപ്പിച്ചുകൊണ്ടുപറഞ്ഞു. 'അന ഖയ്റുക്കും ലിഅഹ്‌ലീ' 'നോക്കൂ! ഞാനെന്റെ ഭാര്യയോടു പെരുമാറുന്നതിൽ നിങ്ങളെക്കാൾ ഉത്തമനാണ്." (തുർമുദി) പിന്നീട് പറഞ്ഞു: "സ്വർഗം നിങ്ങളുടെ മാതാക്കളുടെ പാദത്തിന്നടിയിലാണ്." (നസാഇ) ഒരിക്കൽ ഒരു യഹൂദിയുടെ ജനാസ കൊണ്ടുവരികയായിരുന്നു. നബി(സ)തിരുമേനി അതിനെ ആദരിച്ചു കൊണ്ട് എഴുന്നേറ്റുനിന്നു. 'ഹുദൂർ! അതൊരു യഹൂദിയുടെ ജനാസ'യാണെന്ന് ആരോ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: 'എന്താ അവനിൽ ജീവനുണ്ടായിരുന്നില്ലേ? അവൻ മനുഷ്യനായിരുന്നില്ലേ?' (ബുഖാരി കിതാബുൽ ജനാഇസ്) ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ട മുശ്‌രിക്കീങ്ങളുടെ 24 നേതാക്കളെ അങ്ങനെതന്നെ ഉപേക്ഷിക്കാതെ അവരെ ആദരിച്ചുകൊണ്ട് ബദ്ർ മൈതാനത്ത് ഒരു കുഴിയെടുത്ത് അവരെ മറയടക്കിച്ചു. (ബുഖാരി, കിതാബുൽ മഗാസി) അഹ്സാബ് യുദ്ധത്തിൽ ബിംബാരാധകരുടെ നേതാവ് നൗഫൽ ബിൻ അബ്ദുല്ലാ മഖ്സൂമി വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മൃതദേഹത്തെ മുസ്‌ലീംകൾ അപമാനിക്കുമെന്ന് കരുതി എതിരാളികൾ തങ്ങളിൽനിന്ന് പതിനായിരം ദിർഹം വാങ്ങി നൗഫലിന്റെ ജഡം തിരികെ നല്കണമെന്ന് പറഞ്ഞ് സന്ദേശമയച്ചു. നബി(സ) തിരുമേനി പറഞ്ഞു: 'ഞങ്ങൾ മൃതദേഹത്തിന് വില ഈടാക്കാറില്ല. നിങ്ങൾ നിങ്ങളുടെ മൃതശരീരം തിരിച്ചുകൊണ്ടുപൊയ്ക്കൊള്ളുക.' (ദലാഇലുന്നുബുവ്വ, ലിൽബയ്ഹഖി, വാള്യം 3)

മാനവികതയെ ആദരിക്കുന്നതിനെ സംബന്ധിച്ച് അവിടന്ന് വിശുദ്ധഖുർആൻ ഉദ്ധരിച്ചു കൊണ്ടു പറഞ്ഞു. നിരപരാധിയെ വധിക്കുന്നത് മുഴുവൻമനുഷ്യകുലത്തേയുംവധിക്കുന്നതുപോലെയാണെന്ന് വിശുദ്ധഖുർആൻ പറയുന്നു:

*മൻഖതല നഫ്സൻ ബിഗയ്‌രി നഫ്സിൻ ഔ ഫസാദിൻ ഫിൽഅർളി ഫകഅന്നമാ ഖതലന്നാസ ജമീആ വമൻ അഹ്‌യാഹാ ഫകഅന്നമാ അഹ്‌യന്നാസ ജമീആ* (5:23)

ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്തനിലയിൽ നിരപരാധിയായ ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചതുപോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചതുപോലെയാകുന്നു.

നബി(സ) തിരുമേനി ഹിജ്റ ഒമ്പതാം വർഷം ദുൽഹജ്ജ് 11-ാം തിയ്യതി ആ സമയത്ത് ഹാജരുണ്ടായിരുന്ന മുസ്‌ലിംകളുടെ മുമ്പിൽനിന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു:

"അല്ലയോ ജനങ്ങളേ! കേട്ടുകൊള്ളുക അല്ലാഹു ഏകനാകുന്നു; നിങ്ങളുടെ പിതാവ് ഏകനാണെന്നപോലെ. ഏതെങ്കിലും അറബിക്ക് അനറബിയുടെ മേലോ ഏതെങ്കിലും വെളുത്തവന് കറുത്തവന്റെമേലോ ഏതെങ്കിലും കറുത്തവന് വെളുത്തവന്റെമേലോ ഒരു ശ്രേഷ്ഠതയുമില്ല. നിങ്ങൾ പരസ്പരം സഹോദരങ്ങളെപോലെയാണ്.' (ബുഖാരി, കിതാബുൽ മഗാസി, ബാബുഹജ്ജത്തുൽവിദാഇ)

ഒരു ഇന്ത്യൻ ഫിലോസഫർ മിസ്റ്റർ എസ് രാമകൃഷ്ണറാവു– അദ്ദേഹം നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്, 2001ൽ ഭാരതസർക്കാർ അദ്ദേഹത്തിന് പത്മശ്രീ അവാർഡ് നല്കി അനുഗ്രഹിച്ചിട്ടുണ്ട്– എഴുതുന്നു. ആഗോള സാഹോദര്യബന്ധത്തിന്റെ അടിസ്ഥാനപരമായ നിയമവും മാനുഷികസമത്വത്തിന്റെ അധ്യാപനവും അവിടന്ന് സമർപ്പിച്ച–മാനവികതയുടെ സാമൂഹിക പരിണാമത്തിൽ അവിടത്തെ മഹത്തായ പങ്കിന്റെ പ്രതിഫലനമാണ്. എല്ലാ വലിയ മതങ്ങളും ഇതേ അധ്യാപനങ്ങളാണ് നല്കിയിട്ടുള്ളത്. പക്ഷേ, ഇസ്‌ലാമിന്റെ നബി(സ) ഈ വീക്ഷണത്തിന്റെ കർമപരമായ മാതൃക അവതരിപ്പിച്ചു. ഒരുപക്ഷേ, നൂറ്റാണ്ടുകൾക്കുശേഷം ആഗോള മനഃസാക്ഷി ഉണരുന്നതോടെ മതപരമായ ഏകപക്ഷീയതകൾ അവസാനിക്കുന്നതായിരിക്കും. ഇസ്‌ലാം അവശ ജനവിഭാഗങ്ങളുടെ പ്രതിരോധത്തിന്റെ ധ്വജവാഹകരായി. അത് സ്ത്രീകളെ മാതാപിതാക്കളുടെ സ്വത്തിന് അവകാശികളാക്കി നിശ്ചയിച്ചു. മുഹമ്മദ്(സ) വിശ്വസ്തതയിലും സത്യസന്ധതയിലും വളരെ വലിയ സ്ഥാനം ഉൾക്കൊണ്ടിരുന്നു.'

ഈ പ്രസംഗത്തോടെ ആദ്യ ദിവസത്തിലെ ആദ്യ സെഷൻ അവസാനിച്ചു.

**ജുമുഅ നമസ്കാരം:**

ആദ്യ ദിവസത്തിലെ രണ്ടാമത്തെ സെഷനു മുമ്പേ ജൽസാഗാഹിൽ ജുമുഅ നമസ്കാരം നടന്നു. ഹുദൂർ അയ്യദഹുല്ലാഹ് 21.12.2018ന് നിർവഹിച്ച ഖുത്ബയുടെ സംക്ഷിപ്തം സദ്ർ ഖദ്ദാം ബോർഡ് ഖാദിയാൻ മൗലാന മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ് വായിച്ചുകേൾപ്പിച്ചു. ജുമുഅ നമസ്കാരത്തോടൊപ്പം അസ്‌ർ നമസ്കാരവും ജംആക്കി നമസ്കരിപ്പിച്ചു.

(തുടരും)

(പേജ് 1ൽനിന്ന്)

വിശ്വസിച്ചില്ല. സത്യം എപ്പോഴും ദ്രോഹിതമായിരിക്കും.

## ഇസ്‌ലാം മറ്റു ജനതകളുടെ നന്മ ആഗ്രഹിക്കുന്നു.

ഇസ്‌ലാം എത്രമാത്രം പരിശുദ്ധമായ മതമാണെന്നാൽ ഒരു മതസ്ഥാപകനേയും ചീത്ത പറയാൻ അത് അനുവദിക്കുന്നില്ല. മറ്റു മതക്കാർ പെട്ടെന്നാണ് ചീത്ത വിളിക്കാൻ മുതിരുന്നത്. നോക്കൂ! ഈ ക്രൈസ്തവ ജനത നബി(സ) തിരുമേനിയെ എത്രമാത്രം ചീത്ത പറയുന്നു. നബി(സ)തിരുമേനി ഇക്കാലത്ത് ജീവിച്ചിരിപ്പുണ്ടെങ്കിൽ അവിടത്തെ ഭൗതികമായ മാഹാത്മ്യം വിചാരിച്ചുകൊണ്ടും ഇക്കൂട്ടർക്ക് ഇത്തരം ഒരു വാക്യവും നാവിൽ കൊണ്ടുവരാൻ സാധിക്കുമായിരുന്നില്ല. എന്നല്ല ആയിരം മടങ്ങ് ബഹുമാനത്തോടെ പെരുമാറുമായിരുന്നു. കാബൂൽ അമീറും റോമിലെ സുൽത്വാനും നബി(സ)തിരുമേനിയുടെ സമുദായത്തിൽപ്പെട്ട ചെറിയ രണ്ടുപേരാണ്. അവരെ ചീത്തവിളിക്കാൻ സാധിക്കുകയില്ല. അവരോടു അപമര്യാദയോടുകൂടി പെരുമാറാനും കഴിയില്ല. എന്നാൽ, നബി(സ) തിരുമേനിയുടെ പേരു കേട്ടാലുടൻ ആയിരക്കണക്കിന് ചീത്തയാണ് പറയുന്നത്. ഇസ്‌ലാം മറ്റു മതങ്ങളുടെ നന്മ ആഗ്രഹിക്കുന്നു. എല്ലാ ഓരോ നബിമാരേയും ഗ്രന്ഥത്തേയും ആക്ഷേപങ്ങളിൽനിന്ന് അത് മോചിപ്പിച്ചു; ഇസ്‌ലാം സ്വയം ദ്രോഹിതമാണ്. ഇസ്‌ലാമിന്റെ ശീർഷകമായ ലാ ഇലാഹ ഇല്ലല്ലാഹ് മറ്റൊരു മതത്തിലുമില്ല."(മൽഫൂദാത്ത് വാള്യം 1 പേജ് 3-5)

☆☆☆

(പേജ് 9ൽനിന്ന്)

ഏതെങ്കിലും അഹ്മദിക്കോ, തങ്ങളുടെ ഇഷ്ടമനുസരിച്ച് തങ്ങളുടെ വിശ്വാസം അനുസരിച്ച് പ്രവർത്തിക്കാനോ പ്രബോധനം നടത്തുവാനോ അനുവാദം നല്കുന്നില്ല. എനിക്ക് അവിടെ നിയമമനുസരിച്ച് നമസ്കരിക്കാനോ ഖുത്ബ കൊടുക്കാനോ സാധിക്കുകയില്ല. എന്നെ മുസ്‌ലിമെന്ന് പറയാനും എനിക്കവകാശമില്ല.

ജേർണലിസ്റ്റ്: ഇതിന്റെ അർഥം പാക്കിസ്താനിൽ ഇസ്‌ലാമിന് നിർവചനം മാത്രമേയുള്ളൂവെന്നാണ്.

ഹുദൂർ: അവർ പറയുന്നത് ഞങ്ങൾ മുർത്തദ് അഥവാ മതപരിത്യാഗികളാണെന്നാണ്. യഥാർഥ ഇസ്‌ലാമിക അധ്യാപനങ്ങളിൽനിന്ന് തെറ്റിപ്പോയവരാണെന്നാണ്. അവർ ഞങ്ങളെ മുസ്‌ലിംകളായി അംഗീകരിക്കുന്നില്ല. ഇക്കാരണത്താൽ അവർ പാർലമെന്റിൽ നിയമം പാസാക്കി. ഞാൻ എങ്ങനെയെങ്കിലും അവിടെ പോയാൽ ഏതെങ്കിലും മൗലവി അവിടെ പോലീസ് സ്റ്റേഷനിൽപോയി എനിക്കെതിരെ കേസു കൊടുക്കാമെന്ന വിധത്തിലാണ് അവിടെ നിയമങ്ങളുണ്ടാക്കിയിട്ടുള്ളത്. എനിക്ക് നമസ്കരിക്കാൻ കഴിയില്ല. എത്രത്തോളമെന്നാൽ, അസ്സലാമു അലയ്ക്കുംപോലും പറയാൻ എനിക്കവിടെ അനുവാദമില്ല.

ജേർണലിസ്റ്റ്: അങ്ങയ്ക്ക് സന്ദർശിക്കാനും പോകാൻ കഴിയില്ലേ?

ഹുദൂർ: ഞാൻ പാക്കിസ്താനിൽ പോയി അവിടെ എന്തു ചെയ്യാനാണ്? എല്ലാ വെള്ളിയാഴ്ചയും ഞാൻ ഖുത്ബ കൊടുക്കുന്നു. ഞങ്ങളുടെ ടിവി ചാനൽ മുഖേന ലോകം മുഴുവൻ അത് ശ്രവിക്കപ്പെടുന്നു. അവിടെ ഞാൻ പോയാൽ എനിക്ക് നമസ്കരിപ്പിക്കാൻ കഴിയില്ല. ഖുത്ബ കൊടുക്കാൻ കഴിയില്ല. എനിക്ക് മുസ്‌ലമാണെന്നു പറയാൻ സാധിക്കില്ല. ഞാൻ വിശ്വസിക്കുന്നത് എനിക്കെങ്ങനെയാണ് നിഷേധിക്കാൻ സാധിക്കുക.

ജേർണലിസ്റ്റ് അവസാനമായി ചോദിച്ചു: എല്ലാ വർഷവും പീസ് സിമ്പോസിയം സംഘടിപ്പിക്കാറുണ്ട്. സമാധാന സ്ഥാപനം അങ്ങയുടെ ജമാഅത്തിന് വളരെ വലിയ പ്രശ്നമാണോ?

ഹുദൂർ: ഇതു പ്രശ്നമല്ല. ഇതു ഞങ്ങളുടെ ജമാഅത്തിന്റെ വിവിധ പരിപാടികളിൽ ഒരു പരിപാടിയാണ്. ഞങ്ങൾ എല്ലാ വർഷവും പീസ് സിമ്പോസിയം സംഘടിപ്പിക്കുന്നു. അനഹ്മദികളും അമുസ്‌ലിംകളുമായിട്ടുള്ള നിരവധിയാളുകൾ ഈ പരിപാടിയിൽ പങ്കെടുക്കുന്നതിനെത്തുന്നു. അവിടെ രാഷ്ട്രീയക്കാരും വരുന്നു. സദസിനെ സംബോധന ചെയ്യുന്നു. ഞാനും പ്രസംഗിക്കാറുണ്ട്. ഇസ്‌ലാമിന്റെ ശരിയായ ചിത്രം അവതരിപ്പിക്കുന്നു. വർത്തമാന കാലത്തെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുന്നു. ഇതിനു പുറമെ ഞങ്ങളുടെ ജമാഅത്തിന്റെ ഏറ്റവും വലിയ ഫംഗ്ഷൻ ജൽസ സാലാനയാണ്. ഇത് എല്ലാ രാജ്യങ്ങളിലും സംഘടിപ്പിക്കുന്നുണ്ട്. യു.കെയിലും സംഘടിപ്പിക്കുന്നു. ഞാനും അതിൽ പങ്കെടുക്കുന്നതുകൊണ്ട് അത് ഇന്റർനാഷണൽ ജൽസയായി മനസ്സിലാക്കപ്പെടുന്നു. ഇതിൽ മുപ്പത്തയ്യായിരം നാൽപതിനായിരമാളുകൾ പങ്കെടുക്കുന്നു. ഇത് മൂന്ന് ദിവസമാണ്. ഇതിലും ചില അനഹ്മദികളും അമുസ്‌ലിംകളും പങ്കെടുക്കാറുണ്ട്. എന്നാൽ, ഭൂരിഭാഗവും അഹ്മദികളായിരിക്കും.

അഭിമുഖത്തിന്റെ അവസാനം ജേർണലിസ്റ്റ് ഹുദൂറിന് നന്ദി പറഞ്ഞു.(തുടരും)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin